പന്ത്രണ്ടാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.61 — 19.02.2009 ൽ മറുപടിക്ക്

# പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുരളി പെരുനെല്ലി:<br>" എ.സി.മൊയ്തീൻ:<br>" ജോർജ്ജ് എം തോമസ്:<br>" രാജു എബ്രഹാം:<br>പ്രൊഫ. സി. രവീന്ദ്രനാഥ്: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ ഏജൻസികളുമായും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും തന്ത്രപ്രധാനമായ വാണിജ്യ വ്യവസായ ബന്ധങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഏതെല്ലാം കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ സംയുക്ത സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; | (ബി)<br>TELK & National Thermal Power Corporation Ltd (NTPC)<br>Autokast Ltd & Indian Railway<br>KINFRA & NTPC Electric Supply Co. Ltd<br>Steel Complex Ltd & Steel Authority of India Ltd.<br>KEL & Bharat Heavy Electricals Ltd. |

(സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ 'കെൽ' -ഉം കേന്ദ്രപൊതുമേഖലാ സ്ഥാപനമായ 'ഭെൽ'-ഉം സംയുക്തസംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) 'കെൽ'-ന്റെ കാസർഗോഡുള്ള യൂണിറ്റും, Bharat Heavy Electricals Ltd, Bhopal Unit-മായി ചേർന്നുകൊണ്ട് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സംയുക്ത സംരംഭത്തിനായി 'കെൽ'-ഉം BHEL മായി 03-02-2009ൽ MoUൽ ഏർപ്പെട്ടിട്ടുണ്ട്. ട്രാക്ഷൻ & ഓയിൽ റിഗ് ഓൾട്ടർനേറ്ററുകൾ, ഇൻഡക്ഷൻ മോട്ടോറുകൾ, വിൻഡ് ഇലക്ട്രിക് ജനറേറ്ററുകൾ മുതലായവയാണ് ഈ സംയുക്ത സംരംഭത്തിൽ ഉൽപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്?

(ഡി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ ഏജൻസികളുമായും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും തന്ത്രപ്രധാനമായ വാണിജ്യ വ്യവസായ ബന്ധങ്ങൾ സ്ഥാപിക്കുന്നതുവഴി കേരളത്തിൽ കൂടുതൽ മുതൽ മുടക്കിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയാണ്. കേരളത്തിലെ അഭ്യസ്ത വിദ്യരായവർക്കും, സാങ്കേതികവിദഗ്ദ്ധർക്കും തൊഴിൽ സാധ്യതകൾ ഇതുവഴി വർദ്ധിക്കുന്നു. കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ചു നിലവിൽ വരുന്ന ഇത്തരം അതിനൂതന സാങ്കേതിക സംരംഭങ്ങൾ അനുബന്ധവ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുമെന്നതിനാൽ കേരളത്തിലെ ചെറുകിട ഇടത്തര വ്യവസായമേഖലയുടെ വളർച്ചയ്ക്ക് വളരെയേറെ പ്രയോജനപ്രദമാകും. ഇത്തരം ഉയർന്ന സാങ്കേതികമികവുള്ള യൂണിറ്റുകൾ വരുന്നത് വാണിജ്യപരവും, സാങ്കേതികവുമായ ഒരു നല്ല മുഖച്ഛായ നമ്മുടെ സംസ്ഥാനത്തിന് നേടിത്തരും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62 | 19.02.2009-ൽ മറുപടിക്ക് |
|---|---|

**ആശുപത്രികളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.എം ചന്ദ്രൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) സർക്കാർ ആശുപത്രികളെ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എ) സർക്കാർ ആശുപത്രികളെ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്ററുകൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നീ എല്ലാ നിലയിലെ ആശുപത്രികളുടെയും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 115 (നൂറ്റിപതിനഞ്ച്) സി.എച്ച്.സി.കളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓരോ സി.എച്ച്.സി.യിലും രൂപീകരിച്ചിട്ടുള്ള സ്ഥാപന തല കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കു പുറമേ ഓരോ സ്ഥാപനത്തിനും ആവശ്യമായ സ്റ്റാഫ്, ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

(ബി) ഇതിന്റെ ഫലമായി പുതുതായി ഏതെങ്കിലും ആശുപത്രികളുടെ പദവി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ;

(ബി) പദ്ധതിയുടെ ഭാഗമായി മുന്നൂറിലേറെ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയറിന്റെ അംഗീകാരം ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുന്നതിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; കരാറിന്റെ വിശദാംശം അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ എന്തെല്ലാമാണ് ?

(സി) യും (ഡി) യും

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഓരോ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി ഒപ്പിട്ട കരാർ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ തുടർച്ചയായി ആശുപത്രികളിലെ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.63

19.2.2009ൽ മറുപടിയ്ക്ക്

വയോജന നയം

ചോദ്യം

ശ്രീ.എൻ.ശക്തൻ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ ഗവൺമെൻറ് വയോജന നയം പ്രഖ്യാപിച്ചതെന്നാണ്; | (എ) | 5.12.2006ലെ ജി.ഒ(എം.എസ്)നം.39/06/സാക്ഷേവ പ്രകാരമാണ് സംസ്ഥാന വയോജനനയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) | അതിന് ശേഷം ഇതുവരെ ആ നയത്തിലെ ഏതെല്ലാം കാര്യങ്ങൾ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനെ വയോജനനയം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്നു. ഇതിനായി കോർപ്പറേഷന് ലഭിച്ച പ്ലാൻ ഫണ്ട് ഇനത്തിലുള്ള 10 ലക്ഷം രൂപയും സ്റ്റാമ്പ് വില്പനയിലൂടെ ലഭിച്ച 30 ലക്ഷം രൂപയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വയോജനങ്ങൾ, വൃദ്ധവികലാംഗർ എന്നിവർക്കായി ഓൾഡ് ഏജ് ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. 11 സർക്കാർ വയോജന കേന്ദ്രങ്ങളിലായി 397 അന്തേവാസികളും, സന്നദ്ധസംഘടനകൾ നടത്തുന്ന 153 വയോജന കേന്ദ്രങ്ങളിലായി 10,200 അന്തേവാസികളും ഉണ്ട. സന്നദ്ധസേവനസംഘടനകൾ നടത്തുന്ന വയോജനകേന്ദ്രങ്ങളിലെ |

| | | | |
|---|---|---|---|
| | | | അന്തേവാസികൾക്ക് പ്രതിമാസം ആളൊന്നിന് 200 രൂപാവീതം സർക്കാർ അനുവദിക്കുന്നുണ്ട്. സംസ്ഥാനത്ത് 8 ഓൾഡ് ഏജ് ഹോമുകളോടനുബന്ധിച്ച് പകൽ പരിപാലനകേന്ദ്രം ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പകൽ പരിപാലനകേന്ദ്രത്തിൽ വന്നുപോകുന്ന വയോജനങ്ങളുടെ യാത്രയ്ക്കുള്ള പ്രതിമാസ വാഹന വാടക തുക 5000 രൂപയിൽ നിന്നും 10,000 രൂപയായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾക്ക് ഓൾഡ് ഏജ് ഹോമുകൾ പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ധനസഹായം നൽകിവരുന്നു. ജില്ലാ സാക്ഷരതാ മിഷൻ വഴി 'ഓർമ്മ പുതുക്കാൻ അവസരം' പദ്ധതി പ്രകാരം സാക്ഷരതയും പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനും വയോജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വയോജനങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ ദുർബലവിഭാഗത്തിൻെറ സേവനത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയോജനനയം നടപ്പിലാക്കുന്നതിൻെറ ഭാഗമായി വൃദ്ധസദനങ്ങളും/ഡേ-കെയർ സെൻററുകളും തുടങ്ങുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ഭരണപരമായ ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം 30 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. 2007 ഒക്ടോബർ 1 മുതൽ 2008 ഒക്ടോബർ 1 വരെ വയോജന വർഷമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതനുസരിച്ച് 2007 ഒക്ടോബർ 1 വയോജന ദിനമായി |

| | | | |
|---|---|---|---|
| | | | ആചരിക്കുകയും കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ പരിപാടികളോടെ വയോജന ദിനം ആഘോഷിക്കുകയും ചെയ്തു. ഒക്ടോബർ 5-ാം തീയതി തിരുവനന്തപുരത്ത് ജഗതിയിലുള്ള രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി ഹാളിൽ വച്ച് വയോജനങ്ങളും പ്രശ്നപരിഹാരങ്ങളും എന്ന വിഷയത്തിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയും ഈ സെമിനാറിൽ വയോജന സംഘടനകളിലെ പ്രതിനിധികളും വൃദ്ധസദനത്തിലെ അന്തേവാസികളും പങ്കെടുക്കുകയും അവർക്ക് കണ്ണടകളും ഔഷധകിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ഇതു കൂടാതെ 15.3.2008ൽ പൂജപ്പുരയിലുള്ള അച്ച്യുതമേനോൻ ഹാളിൽ വച്ച് വയോജന കൗൺസിൽ യോഗത്തിൻെറ തീരുമാന പ്രകാരം ട്രാൻസ്പോർട്ട് ബസ്സുകളിൽ നാല് സീറ്റുകൾ വീതം മുതിർന്ന പൗരന്മാർക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ റിസർവ്വ് ചെയ്യണമെന്ന് നിർദ്ദേശം നടപ്പിലാക്കുന്നതിന് കോർപ്പറേഷൻ തീരുമാനിക്കുകയുണ്ടായി. സാമൂഹ്യക്ഷേമ വകുപ്പിൻെറയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻെറയും സംയുക്ത ആഭിമുഖ്യത്തിൽ 2008 ഒക്ടോബർ 1 അന്താരാഷ്ട്ര വയോജന ദിനമായി ആചരിക്കുകയും അന്നേദിവസം രാവിലെ 7 മണിക്ക് ബഹു.സ്പോർട്ട് മന്ത്രി ഉത്ഘാടനം ചെയ്ത കൂട്ടനടത്തം മ്യൂസിയം മുതൽ പാളയം വരെ നടത്തുകയുണ്ടായി. 100 കണക്കിനു വയോജനങ്ങൾ ഇതിൽ പങ്കെടുത്തു. ഇതിനുശേഷം ബഹു.ആരോഗ്യ സാമൂഹ്യക്ഷേമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വി.ജെ.റ്റി |

| | | | |
|---|---|---|---|
| | | | ഹാളിൽ വച്ച് രാവിലെ 10 മണിയ്ക്ക് പൊതുസമ്മേളനവും സെമിനാറും നടക്കുകയുണ്ടായി. 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും പരിപാലനവും സംബന്ധിച്ച നിയമത്തെ ആസ്പദമാക്കിയാണ് സെമിനാർ നടത്തപ്പെട്ടത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് പാറശ്ശാലയിലെ കൊല്ലയിൽ വികലാംഗരായ വയോജനങ്ങൾക്ക് സാഫല്യം എന്ന പേരിൽ ഒരു വയോജന മന്ദിരം തുറന്നിട്ടുണ്ട്. 26.6.2007ലെ ജി.ഒ.(എം.എസ്)33/07/സാക്ഷേവ പ്രകാരം സംസ്ഥാന വയോജന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തെ സർക്കാർ വൃദ്ധസദനങ്ങളിലെ വൃദ്ധജനങ്ങളുടെ ദൈനംദിന ജീവിതത്തിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് ഒരു ഡയറ്റ് സ്കെയിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നതും ചികിത്സയ്ക്ക് ശേഷം സംരക്ഷിക്കാൻ ആളില്ലാതെ കഴിഞ്ഞു വരുന്നതുമായ വൃദ്ധജനങ്ങളെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതുപ്രകാരം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്യുന്ന അന്തേവാസികളെ സംരക്ഷിക്കുന്ന 3 സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് ജനറൽ/ജില്ലാ ആശുപത്രികളിൽ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള പ്രത്യേക |

| | | | |
|---|---|---|---|
| | | | ക്ലിനിക്കുകൾ നടത്തിവരുന്നു. |
| (സി) | വയോജന പെൻഷന്റെ എത്ര തവണകൾ/ഗഡുക്കൾ കുടിശ്ശികയായിട്ടുണ്ട്; | (സി) യും (ഡി) യും | വാർദ്ധക്യകാല പെൻഷനുള്ള നടപ്പു വർഷത്തെ 31.12.08 വരെയുള്ള ബഡ്ജറ്റ് വിഹിതം ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കുടിശ്ശിക തുക ഈ വർഷം തന്നെ കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അത് എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ? | | |

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 19.02.2009-ൽ |
| ചോദ്യം നമ്പർ : 64 | മറുപടിക്ക്. |

## ഇൻകെല്ലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ :<br>ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസന-<br>-ത്തിനായി രൂപീകരിച്ച ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഇൻകെല്ലിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്ന-<br>-തിനും ഘടന രൂപപ്പെടുത്തുന്ന-<br>-തിനും വികസിപ്പിക്കുന്നതിനും വിദഗ്ദ്ധോപദേശം നൽകുക;<br>2. വൈദ്യുതി, ജലം, റോഡുകൾ, വ്യവസായ പാർക്കുകൾ,പ്രത്യേക സാമ്പത്തിക മേഖലകൾ മുതലായ സൗകര്യങ്ങൾ വികസിപ്പിക്കുക;<br>3. ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പൊതു-സ്വകാര്യ പങ്കാളിത്ത<br>-ത്തോടെയുള്ള മാതൃക (PPP Model) സൃഷ്ടിക്കുന്നതിനു വേണ്ട പശ്ചാത്തലം ഒരുക്കുക അവ നടപ്പിലാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ചെയ്യുക. |
| (ബി) കമ്പനിയുടെ മൂലധനം എത്രയാണ് ; | (ബി) 100 കോടി രൂപ. |
| (സി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഇൻകെൽ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിക്കൊണ്ട് വിവിധ പദ്ധതികൾക്ക് പഠനം നടത്താനും അവ PPP മോഡലിൽ നടപ്പിലാക്കു<br>-വാനുമുള്ള പ്രവർത്തനങ്ങൾ ഇൻകെൽ ആവിഷ്കരിച്ചുകൊണ്ടിരി<br>-ക്കുകയാണ് . |

(തുടർച്ച.....2)

| | |
|---|---|
| (ഡി) ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ ഇൻകെല്ലിന് അനുമതി നൽകിയിട്ടുണ്ടോ ;<br><br>(ഇ) എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ? | (ഡി)-യും (ഇ)-യും.<br><br>ഇല്ല. എന്നാൽ 17.12.2008-ൽ ബഹു. വ്യവസായ വകുപ്പു മന്ത്രിയുടേയും വൈദ്യുത വകുപ്പു മന്ത്രിയുടേയും അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ഭൂതത്താൻ കെട്ട്-I, ഭൂതത്താൻ കെട്ട്-II, ചിറ്റൂർ അപ്പർ, കീഴാർകുത്ത് എന്നീ നാലു ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇൻകെല്ലിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 65 — 19..02..2009 - ൽ മറുപടിക്ക്

### വൻകിട വ്യവസായങ്ങൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. ബി. രാഘവൻ;
ശ്രീ. സി. കെ. പി. പത്മനാഭൻ;
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി;
ശ്രീ. എസ്. രാജേന്ദ്രൻ;
ശ്രീ. സി. കെ. സദാശിവൻ;

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഇളവു നൽകുന്നതു സംബന്ധിച്ച കരട് നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ഉണ്ട്. സമ്പദ്ഘടനയുടെ വളർച്ചയ്ക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും വൻകിട വ്യവസായങ്ങൾ അത്യാവശ്യമാണ്. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾക്ക് ഇടം ലഭിച്ചില്ല. വൻ വ്യവസായങ്ങൾക്ക് കേരളത്തിലേക്ക് വരുന്നതിന് തടസ്സമുണ്ടാകുന്ന ഘടകങ്ങൾ കണ്ടെത്തുവാനും പ്രത്യേക പദ്ധതിയിലൂടെ പരിഹരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള വൻനിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് സ്വകാര്യ, സ്വകാര്യ - പൊതുമേഖലാ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കും. ഇതിനായി ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരളാ ലിമിറ്റഡ് (ഐ.എൻ.കെ.ഇ.എൽ) ഒരുക്കുന്ന അടിസ്ഥാനസൗകര്യം പ്രയോജനപ്പെടുത്തും. സ്വകാര്യ, പൊതുമേഖലാ - സ്വകാര്യ സംരംഭം വഴി രാജ്യത്തിനകത്തും പുറത്തു |

| | | | |
|---|---|---|---|
| | | | നിന്നുമായി വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ എല്ലാ പരിശ്രമങ്ങളും നടത്തും. സംയുക്ത സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ സർക്കാർ പദ്ധതികൾ തയ്യാറാക്കും. നൂറു കോടി രൂപയോ അതിൽ കൂടുതലോ മൂലധന നിക്ഷേപമുള്ളവയെ വൻകിട വ്യവസായങ്ങളായി കണക്കാക്കും. പ്രാദേശിക ജനങ്ങൾക്ക് തൊഴിൽ നൽകുകയും പരിസ്ഥിതി സൗഹാർദ്ദപരമായ സാങ്കേതിക വിദ്യ ഉപയോഗിക്കുകയും ചെയ്യുന്ന യൂണിറ്റുകൾക്ക് മുൻഗണന നൽകും. വൻകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തികാനുകൂല്യം ഉൾപ്പെടെയുള്ള പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | വൻകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഭൂമി ഏറ്റെടുത്തു നൽകുന്ന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എത്ര പേർ മുന്നോട്ടു വന്നിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് താഴെപ്പറയുന്ന സംരംഭകർ മുന്നോട്ടു വന്നിട്ടുണ്ട്.<br>1. ഹിന്ദുസ്ഥാൻ എറോണോട്ടിക്സ് ലിമിറ്റഡ് (എച്ച്. എ. എൽ.), കിൻഫ്രാ സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കാസർഗോഡ്.<br>2. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (ബി.ഇ.എൽ), കിൻഫ്ര ഹൈടെക് |

| | | | |
|---|---|---|---|
| | | | പാർക്ക്, കളമശ്ശേരി.<br>3. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി. ഇ. എം. എൽ.), ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്.<br>4. ബ്രഹ്മോസ് എയറോ സ്പേസ് ലിമിറ്റഡ്, തിരുവനന്തപുരം.<br>പുറമെ സ്വകാര്യ മേഖലയിൽ<br>5. മെ. ശോഭാ ഗ്രൂപ്പ്.<br>6. മെ. ടീക്കോം.<br>തുടങ്ങി നിരവധി വ്യവസായികൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇതുമൂലം എത്ര കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) | ഹിന്ദുസ്ഥാൻ എയറോണോട്ടിക്സ് ലിമിറ്റഡിന്റെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ ഏകദേശം 60 കോടി രൂപയുടെ നിക്ഷേപവും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ ഏകദേശം 11 കോടി രൂപയുടെ നിക്ഷേപവും ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ ഏകദേശം 260 കോടി രൂപയുടെ നിക്ഷേപവും ബ്രഹ്മോസ് എയറോ സ്പേസ് ലിമിറ്റഡിന്റെ പ്രവർത്തനം പൂർത്തിയാകുമ്പോൾ ഏകദേശം 1000 കോടി രൂപയുടെ നിക്ഷേപവുമാണ് പ്രതീക്ഷിക്കുന്നത്. സ്വകാര്യമേഖലയിൽ 25000 കോടി രൂപയുടെ നിക്ഷേപനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 66

19.2.2009-ൽ മറുപടിക്ക്

## <u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള 15 പൊതുമേഖലാ സ്ഥാപനങ്ങളാണ് 2007-08 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. |
| (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ പേരും അവയുണ്ടാക്കുന്ന നഷ്ടവും എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) മേൽ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ക്രിയാത്മകമായ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) വ്യവസായ വകുപ്പിൻെറ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന: ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതിക വിദ്യയുടെ നവീകരണം, തൊഴിലാളികളുടെയും ജീവനക്കാരുടേയും പുനക്രമീകരണം, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ്സിനെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുക്കുന്നതിനായി |

സെലക്ഷൻ കമ്മിറ്റിയുണ്ടാക്കുകയും പ്രസ്തുത കമ്മിറ്റി ഇൻറർവ്യൂ ചെയ്ത് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് എം.ഡി മാരെ നിയമിച്ചുവരുകയും ചെയ്യുന്നു.

വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുവാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി ദേശീയ അന്തർദേശീയ തലത്തിൽ വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി "Resurgence" എന്ന പേരിൽ ഒരു quarterly news letter പ്രസിദ്ധീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ മികച്ച സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ 2007 മുതൽ നൽകിവരുന്നു.

ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുകയും അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിച്ചു.

പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിലച്ച സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി, കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി സർക്കാർ ചർച്ച നടത്തുകയും തുടർന്ന് താഴെ പറയുന്ന വിവിധ സ്ഥാപനങ്ങളിൽ One Time Settlement- നടപ്പിലാക്കിയിട്ടുമുണ്ട്.

- Kerala State Electronics Development Corporation Limited
- Autokast Limited
- Steel Complex Limited
- Prenationalisation dues of Kerala State Textiles Corporation Limited.
- Sitaram Textiles Limited
- Steel Industries Kerala Limited
- Kerala State Detergents & Chemicals Limited.

പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും Kerala Electrical & Allied Engineering Company Limited, Traco Cable Company Limited, United Electrical Industries Limited തുടങ്ങിയ കമ്പനികൾക്ക് ഓർഡറുകൾ ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ KSDP- യ്ക്ക് ആരോഗ്യ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കുവാനുള്ള സാഹചര്യം ഒരുക്കി.

കേന്ദ്ര സർക്കാർ ഏജൻസികളുമായും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും Strategic tie-ups നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Kerala State Industrial Products Trading Corporation Limited with Travancore Titanium Products Limited.
Sitaram Textiles Limited and Trivandrum Spinning Mills Limited with Kerala State Textile Corporation Limited.

പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കുവാൻ നടപടികൾ സ്വീകരിച്ചു.

Kerala State Textiles Corporation Limited- ന്റെ അധീനതയിലുള്ള Malabar Spinning & Weaving Mills തുറന്നു പ്രവർത്തിച്ചു.

Trivandrum Spinning Mills Ltd- ലെ സൗകര്യങ്ങൾ ഉപയോഗിച്ച് Open end spinning Mill ആരംഭിക്കുവാൻ KSTC- യെ ചുമതലപ്പെടുത്തി.

കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമിയിൽ ഒരു ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Metropolitan Engineering Company Limited- ന്റെ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Limited- ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കാനുമുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

Kerala Soaps & Oils Limited - യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് ന്യൂഡിൽസ് യൂണിറ്റുണ്ടാക്കുന്നതിനുള്ള KSIE- യുടെ പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

Kerala State Detergents & Chemicals Limited- ന്റെ ഉൽപ്പാദന സൗകര്യങ്ങൾ lease വ്യവസ്ഥയിൽ നടത്തുവാനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Limited- ഉം Keltron Rectifiers Limited- ഉം അവയുടെ എല്ലാ ആസ്തികളും ബാധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

2007-08 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മൊത്തം 48.53 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ പൊതുമേഖലാ ബാങ്കുകളുമായും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ഒറ്റത്തവണ തീർപ്പാക്കൽ നടത്തുന്നതിനായി 28.39 കോടി രൂപയും, പുനരുദ്ധാരണത്തിനായി Modernizatiion/Revival/ working capital) 10.55 കോടി രൂപയും കമ്പനികളിൽ നിന്നും സ്വയം വിരമിച്ച ജീവനക്കാർക്ക് നൽകുവാനുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 9.59 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഏകദേശം 19 കമ്പനികൾക്ക് ഇതിന്റെ ഫലം ലഭിക്കുകയുണ്ടായി.


2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 57 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ നിന്നും 31.1.09-വരെ 43.57 കോടി രൂപ കമ്പനികൾക്കായി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

# നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരുവിവരം

| Sl. No. | Company | Loss Amount (Rs. in lakhs) |
|---|---|---|
| 1. | Kerala Artisans Development Corporation. | 3.00 |
| 2. | Travancore Titanium Products Ltd. | 52.72 |
| 3. | Keltron Electro Ceramics Ltd. | 73.90 |
| 4. | Sitaram Textiles Ltd. | 117.10 |
| 5. | Alleppey Co-operative Spinning Mills Ltd. | 168.65 |
| 6. | Autokast Ltd. | 195.57 |
| 7. | Kerala State Drugs & Pharmaceuticals Ltd. | 218.95 |
| 8. | The Malappuram Co-operative Spinning Mills Ltd. | 230.68 |
| 9. | The Trichur Co-operative Spinning Mills Ltd. | 293.23 |
| 10. | Kerala State Textiles Corporation Ltd. | 346.35 |
| 11 | The Quilon Co-operative Spinning Mills Ltd. | 348.78 |
| 12 | The Cannannore Co-operative Spinning Mills Ltd. | 369.85 |
| 13 | Kerala Automobiles Ltd. | 397.51 |
| 14. | Kerala State Handloom Development Corporation Ltd. | 443.80 |
| 15. | HANTEX | 933.00 |



## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 19.02.2009-ൽ |
| ചോദ്യം നമ്പർ : 67 | മറുപടിക്ക്. |

## സെസ്സുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. കെ. ബാബു :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സാമ്പത്തിക മാന്ദ്യത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി പഠിച്ചു റിപ്പോർട്ടു ചെയ്യാൻ നിയോഗിച്ച സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് സംസ്ഥാനത്ത് സെസ്സുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എന്തു ശുപാർശയാണു നൽകിയതെന്ന് വ്യക്തമാക്കാമോ ; | (എ) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സെസ്സ് പദവി നൽകണമെന്ന് റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു. |
| (ബി) പ്രസ്തുത ശുപാർശയിന്മേൽ എന്തു നടപടിയെടുത്തുവെന്ന് വിശദമാക്കാമോ ? | (ബി) ശുപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68 | | 19.02.2009 -ൽ മറുപടിയ്ക്ക് |
|---|---|---|
| **ജുവനൈൽ ഹോം പരിഷ്കരണം** | | |
| ചോദ്യം | | ഉത്തരം |
| **പ്രൊഫ. എൻ. ജയരാജ്;<br>ശ്രീ.സി.എഫ്. തോമസ്;<br>ശ്രീ.തോമസ് ഉണ്ണിയാടൻ;** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ ജുവനൈൽ ഹോമുകൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | എങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) ബഹു. കേരള ഹൈക്കോടതി WP (C) നം.28481/08 പരിഗണിക്കവെ കോട്ടയം ജുവനൈൽ ഹോമിലെ അവസ്ഥയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഡ്വ. പി.ബി.സഹസ്രനാമനെ അമിക്കസ് ക്യൂറി/അഡ്വക്കേറ്റ് കമ്മീഷണറായി നിയമിക്കുകയും അദ്ദേഹം ജുവനൈൽ ഹോം പരിഷ്കരണം സംബന്ധിച്ച് താഴെ ചേർക്കുന്ന നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1) അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലീകരിക്കുക.<br>2) കായിക ഉപകരണങ്ങളുടെ വിതരണം.<br>3) കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുക |

| | | |
|---|---|---|
| | | 4)ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുക.<br>5) ചിൽഡ്രൻസ് ഹോമുകളിൽ പരിശോധനാ കമ്മിറ്റികൾ രൂപീകരിക്കുക.<br>6) ജെ.ജെ. റൂൾസ് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുക.<br>മേൽപ്പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 69 | 19-02-2009 ൽ മറുപടിക്ക്

റയിൽവേ ബഡ്ജറ്റ്

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. വി.എൻ.വാസവൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.എം.ജെ.ജേക്കബ് :<br>ശ്രീ.പി.ജയരാജൻ :<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ : | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ). റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തെ റയിൽവെ വികസനവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തേണ്ട പദ്ധതികളെ സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള എം.പി-മാരുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ ; | (എ). യും (ബി) യും<br>അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി). കേരളം ആസ്ഥാനമാക്കി റയിൽവേ സോൺ സ്ഥാപിക്കണമെന്ന ആവശ്യം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | |
| (സി). കഴിഞ്ഞ റയിൽവേ ബഡ്ജറ്റിൽ കേരളത്തിന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ എല്ലാം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (സി). റയിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തനം നടന്നുവരുന്നതായി റെയിൽവെ അറിയിച്ചിട്ടുണ്ട്. |
| (ഡി). റയിൽവെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി). സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 70 19.2.2009 -ൽ മറുപടിയ്ക്ക്

## നിയമ പരിഷ്കരണ സമിതിയുടെ റിപ്പോർട്ട്

**ചോദ്യം**

ശ്രീ. ബാബു പോൾ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. വി.എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :

(എ) നിയമ പരിഷ്കരണ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ശുപാർശകൾ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) വനിതകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനും സമിതിക്ക് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നാം വാല്യം മാത്രമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. ബാക്കി വാല്യങ്ങൾ കൂടി ലഭിച്ചാൽ മാത്രമേ ഇതു സംബന്ധിച്ച മറുപടി വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

ഉത്തരവിൻ പ്രകാരം,
K S [signature]
സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 71 19.02.2009-ൽ മറുപടിക്ക്

## കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വരൾച്ച മൂലമുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾക്ക് ഇതിനകം രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. സംസ്ഥാനം നേരിടാൻ പോകുന്ന കടുത്ത വരൾച്ചയും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
2. കേടായ പമ്പുസെറ്റുകളുടെ അറ്റകുറ്റ പണികൾ
3. പമ്പു സെറ്റുകൾ മാറ്റി വയ്ക്കുന്ന പണികൾ
4. വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ പൈപ്പുലൈനുകൾ നീട്ടുക
6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക
7. വൈദ്യുതി ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ അടിയന്തിരമായി പൂർത്തിയാക്കുക
8. കുഴൽ കിണറുകൾ കുഴിക്കുക

9. കേടായ ഹാന്റ് പമ്പുകൾ റിപ്പയർ ചെയ്ത് കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കുക
10. പ്രവർത്തനക്ഷമമല്ലാത്ത ട്യൂബ് വെല്ലുകൾ ഡവലപ് ചെയ്ത് പ്രവർത്തനക്ഷമമാക്കുക.
11. ഫിൽറ്റർ മീഡിയ മാറ്റുക

കൂടാതെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി 3 ലക്ഷം രൂപ വരെ അടങ്കൽ തുകയ്ക്കുള്ള ടി- പ്രവർത്തികൾ നടത്തുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് അതത് ജില്ലാകളക്ടർ മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തുവെന്ന് വ്യക്തമാക്കുമോ; | (ബി) | വരൾച്ച ഫലപ്രദമായി നേരിടുന്നതിന് അടിയന്തിര സഹായം എന്ന നിലയ്ക്ക് എല്ലാ ജില്ലാ കളക്ടർമാർക്കും ഒരു കോടി രൂപാവീതം ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 3 ലക്ഷം രൂപാ വരെ അടങ്കൽ തുകയുള്ള കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല ലഭ്യത ഏറ്റവും കൂടുതലായി അഭിമുഖീകരിക്കുന്ന ആലപ്പുഴ ജില്ലയിലെ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര ഗവൺമെന്റിൽ നിന്നും കുടിവെള്ള പദ്ധതി വിഹിതമായി ഇതിനകം സംസ്ഥാനത്തിന് എന്തു തുക ലഭിച്ചു; ഇതിൽ എന്തു തുക ചെലവഴിച്ചു; | (സി) | കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി വിഹിതമായി നടപ്പ് സാമ്പത്തിക വർഷം 5167 ലക്ഷം രൂപ ലഭിക്കുകയും നാളിതു വരെ 3978.79 ലക്ഷം രൂപ ചെലവഴിക്കുകയും ഉണ്ടായി. 50% കേന്ദ്ര വിഹിതമായുള്ള രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്ക് നടപ്പു സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷം നീക്കിവച്ചിരുന്ന 110 ലക്ഷം രൂപയിൽ 67.63 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. |
| (ഡി) | സംസ്ഥാനത്ത് ഏതെങ്കിലും പുതിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | എൽ.ഐ.സി സഹായത്തോടെ ഏറ്റെടുത്തതും സഹായം നിലച്ചതിനാൽ മുടങ്ങിക്കിടക്കുന്നതുമായ പദ്ധതികൾ പൂർത്തിയാക്കുന്നതിനും മറ്റേതാനും പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉൾപ്പെടെ 870.16 കോടി രൂപയുടെ അടങ്കൽ തുകയുള്ള പദ്ധതികൾക്ക് 449.89 കോടി രൂപയുടെ വായ്പ നബാർഡ് അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# നബാർഡിന്റെ പ്രത്യേക സാമ്പത്തിക സഹായത്തിന് അനുമതി ലഭിച്ച പദ്ധതികൾ
# (സ്പാൻ പ്രോജക്ട്സ്)

| Sl.No. | Name of Scheme | District |
|---|---|---|
| 1 | WSS to West Eleri | Kasargod |
| 2 | WSS to Enmakaje | Kasargod |
| 3 | WSS to Anjarakandy & adj. Pts. | Kannur |
| 4 | WSS to Nadapuram | Kozhikkode |
| 5 | WSS to Kuttiyadi | Kozhikkode |
| 6 | WSS to Cheekkode & adj. pts. | Malappuram |
| 7 | WSS to Anakkayam | Malappuram |
| 8 | WSS to Areacode | Malappuram |
| 9 | WSS to Sreekrishnapuram & adj. villages | Palakkad |
| 10 | WSS to Karimpuzha | Palakkad |
| 11 | WSS to Koduvayoor-Pudunagaram | Palakkad |
| 12 | WSS to Eriad-Methala | Thrissur |
| 13 | WSS to Ooragam & adj. villages | Thrissur |
| 14 | WSS to Cheruthuruthy-Nedumpuram | Thrissur |
| 15 | WSS to Alakkode & adj. villages | Idukki |
| 16 | WSS to Konni-Thazham | Pathanamthitta |
| 17 | WSS to Pandalam | Pathanamthitta |
| 18 | WSS to Kazhakkuttom OG | Thiruvananthapuram |

| Sl.No. | Name of Scheme | District |
|---|---|---|
| 19 | WSS to Azhoor, Kizhuvilam & Keezhattingal | Thiruvananthapuram |
| 20 | WSS to Irimbilium-Valancheri | Malappuram |
| 21 | WSS to Karukutty & Mookkannur | Ernakulam |
| 22 | WSS to Paipra & Nellikkuzhy (Mulavoor-Asamannoor) | Ernakulam |
| 23 | WSS to Vazhakkulam-Kizhakkambalam | Ernakulam |
| 24 | WSS to Edakkattuvayal, Amballoor & Udayamperoor | Ernakulam |
| 25 | WSS to Kizhakkoth | Kozhikkode |
| 26 | Rehabilitation of Melila | Kollam |
| 27 | Rehabilitation of Kareepra | Kollam |
| 28 | WSS to Elamballoor (Punukkannoor chira) | Kollam |
| 29 | WSS to Karakulam 2nd stage | Thiruvananthapuram |
| 30 | WSS to Kunnathukal | Thiruvananthapuram |
| 31 | Rehabilitation of Kundara WSS | Kollam |
| 32 | Pipe Replacement in Vaikom Taluk | Kottayam |
| 33 | Improvements to Kolancherry WSS-Relaying Gravity Main-I | Kannur |
| 34 | Improvements to Kolancherry WSS-Relaying Gravity Main-II | Kannur |
| 35 | WSS to Pallichal Balaramapuram & Vilavoorkal | Thiruvananthapuram |
| 36 | WSS to Karakkurissi & Thachanpara | Palakkad |

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 72

19.2.2009-ലെ മറുപടിയ്ക്ക്

<u>വ്യവസായ പാർക്കുകൾക്കും സെസ്സുകൾക്കും നൽകുന്ന സ്ഥലം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ജോർജ്ജ് മേഴ്സിയർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ)വ്യവസായ പാർക്കുകൾക്കും സെസ്സുകൾക്കും നൽകുന്ന സ്ഥലത്തിന്റെ എത്ര ശതമാനം വരെ വ്യാവസായികാവശ്യങ്ങൾക്ക് വിനിയോഗിക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച വ്യവസായ പാർക്കുകളിൽ അലോട്ട് ചെയ്യുന്ന ഭൂമിയുടെ 100% വും വ്യാവസായികാവശ്യങ്ങൾക്കു തന്നെ വിനിയോഗിക്കണം എന്നാണ് നിബന്ധന. എന്നാൽ പാർക്കുകളിൽ 'ഡെവലപ്പെർ' എന്ന നിലയിൽ വരുന്ന സംരംഭകരെ ചില വ്യക്തമായ നിബന്ധനകളോടെയാണ് തിരഞ്ഞെടുക്കുന്നത്. അവർക്കായി അലോട്ട് ചെയ്യുന്ന ഭൂമിയുടെ 70% വ്യാവസായികാവശ്യങ്ങൾക്കും ബാക്കി 30% അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും ഉപയോഗിക്കണം എന്നുള്ളതാണ് നിബന്ധന.<br><br>സിഡ്കോ, ഡി.ഐ.സി എന്നിവയുടെ കീഴിൽ വരുന്ന പാർക്കുകളിൽ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. പ്രത്യേക സാമ്പത്തിക മേഖല (സെസ്സ്) പദവി ലഭിയ്ക്കുന്ന ഭൂമിയുടെ 50% വ്യവസായ ആവശ്യത്തിനും 50% അനുബന്ധ കാര്യങ്ങൾക്കും (പാർപ്പിടം, ഹോട്ടൽ, വാണിജ്യം, റിക്രിയേഷൻ, റോഡ്) ഉപയോഗിക്കാമെന്നാണ് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ നയം. എന്നാൽ സംസ്ഥാനത്ത് സെസ്സ് പദവി ലഭിയ്ക്കുന്ന ഭൂമിയുടെ 70% വ്യാവസായികാവശ്യത്തിനും 30% അനുബന്ധ കാര്യങ്ങൾക്കും ഉപയോഗിക്കണമെന്നാണ് നിബന്ധന. അനുബന്ധ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയിൽ നിർമ്മിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ പ്രസ്തുത |

| | |
|---|---|
| | സെസ്സിലെ ജീവനക്കാർക്ക് താമസസൗകര്യം ഒരുക്കാൻ വേണ്ടി മാത്രമായിരിക്കണമെന്നും പുറമെയുള്ളവർക്ക് വിൽപന നടത്താൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>പദ്ധതി നിർമ്മാണം ആരംഭിയ്ക്കുന്നതിനു മുമ്പായി ഈ വ്യവസ്ഥകൾ അംഗീകരിച്ചുള്ള കരാർ സംരംഭകരുമായി ഒപ്പു വയ്ക്കുന്നതാണ്. |
| (ബി) ഇത്തരം സ്ഥലങ്ങളിൽ വാണിജ്യ, ഭവന, വിനോദ ആവശ്യങ്ങൾക്ക് കൂടുതൽ സ്ഥലം നീക്കിവയ്ക്കുന്നതിനെ ഗവൺമെന്റ് അനുകൂലിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) വ്യവസായ പാർക്കുകളിൽ അലോട്ട് ചെയ്യുന്ന ഭൂമിയുടെ 100% വ്യാവസായികാവശ്യങ്ങൾക്ക്. ഉപയോഗിക്കണം എന്നതാണ് ഗവൺമെന്റ് നയം. എന്നാൽ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക് 30% ഭൂമി വരെ മാറ്റി വയ്ക്കാൻ നിലവിലുള്ള ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം മാറ്റി വയ്ക്കുന്ന ഭൂമിയിൽ നിർമ്മിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ പ്രസ്തുത സെസ്സിലെ ജീവനക്കാരുടെ താമസത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക് മാത്രമെ ഉപയോഗിക്കാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |

Rajesh
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ : 73 | 19.02.2009-ൽ<br>മറുപടിക്ക്. |

## പ്രത്യേക സാമ്പത്തിക മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കുന്നതിന് കേരളം എത്ര അപേക്ഷകൾ നൽകിയിട്ടുണ്ട് ; | (എ) പതിനൊന്ന് അപേക്ഷകൾ നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കൈവശ ഭൂമിയില്ലാത്തതിനാൽ കേരളത്തിന്റെ അപേക്ഷകൾ പരിഗണിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) സെസ്സ് നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കുന്നതിനു കേരളം നൽകിയിട്ടുള്ള അപേക്ഷകൾ.

1) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.
2) മെ. എമ്മാർ എം.ജി.എഫ് ലാൻഡ് ലിമിറ്റഡ്.
3) റ്റി.സി.ജി. അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഹോൾഡിംങ്ങ്സ് ലിമിറ്റഡ്.
4) പാർശ്വനാഥ് ഡവലപ്പേഴ്സ് ലിമിറ്റഡ്.
5) എം.എം. ടെക് ടവേഴ്സ്.
6) മെ. സതർലാൻഡ് ഗ്ലോബൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്.
7) കൊച്ചിൻ ടെക്നോപാർക്ക് ലിമിറ്റഡ്.
8) ഇ.റ്റി.എൽ ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് ലിമിറ്റഡ്.
9) തൃശ്ശൂർ ടെക്നോപാർക്ക് പ്രൈവറ്റ് ലിമിറ്റഡ്.
10) യൂണിടെക് റിയൽ എസ്റ്റേറ്റ് പ്രോജക്ട് ലിമിറ്റഡ്.
11) കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്.

* * * * * * *

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 74 | 19.02.2009-ൽ മറുപടിക്ക്

## എമർജൻസി പൈപ്പ് ലൈൻ സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീമതി. ജെ. അരുന്ധതി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അരുവിക്കര ജല ശുദ്ധീകരണശാലയിൽ നിന്നുള്ള പ്രധാന പൈപ്പ് ലൈനുകൾ പൊട്ടുന്നത് മൂലം ജല വിതരണം മിക്കപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാലപ്പഴക്കം മൂലം പൈപ്പ്ലൈനുകളിൽ ചോർച്ച സംഭവിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പൈപ്പ് ലൈനുകൾ പൊട്ടുന്നതിന്റെ കാരണം പരിശോധിക്കുന്നതിന് നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും വെളിപ്പെടുത്താമോ; | (ബി) പൈപ്പ് ലൈനുകൾ പൊട്ടുന്നതിന്റെ കാരണം പരിശോധിക്കുന്നതിന് നിയോഗിച്ചിരുന്ന ദേവരാജി കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) പൈപ്പ് ലൈനിന് മുകളിലൂടെയുള്ള നിർമ്മാണങ്ങൾ പൊളിച്ച് മാറ്റുന്നതിനും പൈപ്പ് ലൈനുകളുടെ ഉപരിതലം സംരക്ഷിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) പൈപ്പ് ലൈനിന് മുകളിലൂടെയുള്ള നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അവ പോലീസിന്റെ സഹായത്തോടെ പൊളിച്ചു മാറ്റാറുണ്ട്. കാലപ്പഴക്കം ചെന്ന ചില അനധികൃത കൈയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 75 — 19.02.2009 ൽ മറുപടിയ്ക്ക്

ഒറ്റത്തവണ വായ്പ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. എളമരം കരീം (ബഹു. വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് 2008 ഡിസംബർ മാസത്തിൽ നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) വിജയമായിരുന്നു. |
| (ബി) വായ്പാകുടിശ്ശികക്കാരെ സഹായിക്കുവാൻ എന്തെല്ലാം നടപടികളാണ് ബോർഡ് 2008 ഡിസംബറിൽ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) വായ്പാ ദുരുപയോഗം ചെയ്യാത്ത കുടിശ്ശികക്കാരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി മാർജിൻ മണി ഗ്രാന്റാക്കി മാറ്റിയും പിഴപലിശ ഒഴിവാക്കിയും ബാദ്ധ്യത അടച്ചുതീർക്കുന്നതിൽ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തിരിച്ചടവ് ഇനത്തിൽ എത്ര ലക്ഷം രൂപ കുടിശ്ശികക്കാരിൽ നിന്നും ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ? | (സി) 31-12-2008 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം **2,30,13,138/- (രണ്ട് കോടി മുപ്പത് ലക്ഷത്തി പതിമൂന്നായിരത്തി ഒരുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം)** വയ്പാ കുടിശ്ശികക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 76 — 19..02..2009 - ൽ മറുപടിക്ക്

### ആഗോള സാമ്പത്തിക പ്രതിസന്ധിയും ചെറുകിട വ്യവസായങ്ങളും

**ചോദ്യം**

ശ്രീ. പി. വിശ്വൻ:
ശ്രീ. അൽഫോൺസ് കണ്ണന്താനം;
ശ്രീ. കെ. ടി. ജലീൽ;
ശ്രീ. ബി. ഡി. ദേവസ്സി;
ശ്രീ. കെ. വി. കുഞ്ഞിരാമൻ;

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ സംസ്ഥാനത്തെ ചെറുകിട വ്യവസായമേഖലയെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ സംസ്ഥാനത്തെ ചെറുകിട വ്യവസായമേഖല എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് പരിശോധനകളൊന്നും നടത്തിയിട്ടില്ല. എന്നാൽ ആഗോള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയിൽ വരുത്തിയ ആഘാതങ്ങൾ സംബന്ധിച്ച സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് ഒരു പഠനം നടത്തിയിട്ടുണ്ട്.<br>പഠന റിപ്പോർട്ട് പരിശോധനയിലാണ്. |
| (ബി) | സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രാപ്തിയും നൽകി ചെറുകിട വ്യവസായങ്ങളെ സഹായിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ; | (ബി) | സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ പഠന റിപ്പോർട്ട് പരിശോധിച്ചു വരികയാണ് |
| (സി) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ചെറുകിട വ്യവസായ സംരംഭകർക്ക് പ്രത്യേക സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | |

| | | | |
|---|---|---|---|
| (ഡി) | ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിപണി വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിപണി വികസിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും ജില്ലകൾ തോറും എക്സിബിഷനുകൾ, ട്രെയിഡ്ഫെയറുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. വ്യവസായ വകുപ്പും ടൂറിസം വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ' ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ ' നടത്തുന്നുണ്ട്. ഈ മേള എല്ലാ ജില്ല / താലൂക്ക് ആസ്ഥാനങ്ങളും കേന്ദ്രീകരിച്ചാണ് പ്രധാനമായും നടത്തി വരുന്നത്. ഈ മേള നമ്മുടെ ചെറുകിട വ്യവസായങ്ങളുടെയും വ്യാപാരികളുടെയും വിൽപന ഉയർത്തുവാനും കൂടുതൽ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. എല്ലാ വർഷവും നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിൽ നടത്തുന്ന ' ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ ' - ൽ കേരളത്തിലെ ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം നൽകി വരുന്നുണ്ട്. ഇത് കൂടാതെ ചെറുകിട മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി 'പ്രൈസ് പ്രിഫറൻസ് സ്കീം' വീണ്ടും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 77

19.02.2009 – ന് മറുപടിക്ക്

## കാർഷിക അടിസ്ഥാന വ്യവസായങ്ങൾക്ക് പ്രത്യേക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. ബി.രാഘവൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തെ പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഈറ്റ, മുള, തുടങ്ങിയ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

❖ **കയർ**

ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്ന പദ്ധതി 2006–07 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 2006-07, 2008–09 വർഷം സംഘങ്ങൾക്കായി 2293.69 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 565 കയർ സഹകരണ സംഘങ്ങളുടെ 31.03.06 വരെയുള്ള സർക്കാർ വായ്പയും പലിശയും N.C.D.C വായ്പയും ഓഹരിയാക്കി മാറ്റി. N.C.D.C വായ്പയിന്മേലുള്ള പലിശ എഴുതിത്തള്ളി. ഒട്ടാകെ 50 കോടിയുടെ പ്രയോജനം സംഘങ്ങൾക്ക് ലഭിച്ചു. കയറിനും കയർ ഉൽപന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുന്നതിനുമായി ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കി വരുന്നു. ചെറുകിട ഉല്പാദകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു വരുന്നു. ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 20.25 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചു വരുന്നു. കയർഫെഡിന്റെ പുനരുദ്ധാരണ പദ്ധതിക്കായി 2007–08– ൽ 500 ലക്ഷം രൂപ നൽകി.

2008-09 - ൽ 200 ലക്ഷം രൂപ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. കയർ പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ പുനഃസംഘടനാ പദ്ധതിയായ VISION 2015 സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപന്നങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിറ്റഴിക്കുന്ന പദ്ധതി സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. കയർ കോർപ്പറേഷനിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് റിബേറ്റ് അനുവദിക്കുന്ന പദ്ധതി ആരംഭിച്ചു. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി വൈക്കത്ത് ഫോമില്ലിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറിയും കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കരയാൺ ഫാക്ടറിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെട്ട 350 സംഘങ്ങളിലെ 20-25 തൊഴിലാളികൾക്ക് മെച്ചപ്പെട്ട പരിശീലനവും റാട്ടും നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. കയർ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

❖ <u>കൈത്തറി</u>

1. അസംസ്കൃത വസ്തുവായ നൂൽ, ചായങ്ങൾ എന്നിവ ന്യായവിലയ്ക്ക് നൽകുന്നു.
2. പുതിയ പ്രാദേശിക, മേഖലാ ബ്രാന്റുകളുടെ വികസനം
3. ഭൗമസൂചക ആക്ട് അനുസരിച്ച് പ്രാദേശിക ഉൽപന്നങ്ങളുടെ രജിസ്ട്രേഷൻ
4. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം
5. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കേന്ദ്ര/സംസ്ഥാന റിബേറ്റുകൾ
6. ഹാന്റക്സിന്റെയും ഹാൻവീവിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ധനസഹായം
7. ക്ളസ്റ്ററുകളുടെയും ഗ്രൂപ്പ് നെയ്ത്തുകാരുടെയും രൂപീകരണവും ധനസഹായവും
8. ആഴ്ചയിൽ ഒരുദിവസം സ്കൂൾകുട്ടികളും സർക്കാർ ഉദ്യോഗസ്ഥരും കൈത്തറി/ ഖാദി വസ്ത്രങ്ങൾ ധരിക്കുന്നതിനുള്ള പ്രചാരണം.
9. വില്പനമേളകൾ, വിപണ പ്രദർശനങ്ങൾ

എന്നിവ സംഘടിപ്പിക്കൽ.

10. കയറ്റുമതി വികസന വിപണന പദ്ധതി വഴി ധനസഹായം
11. ഹാന്റക്സിനും ഹാൻവീവിനും പ്രാഥമിക കൈത്തറി സംഘങ്ങൾക്കും സർക്കാർ ഓഹരി പങ്കാളിത്തം
12. കൈത്തറി തൊഴിലാളികൾക്കുവേണ്ടി ക്ഷേമ പദ്ധതികൾ.

❖ <u>കശുവണ്ടി</u>

കശുവണ്ടി മേഖലയിലുള്ള കാപ്പക്സിന് സർക്കാർ 2007–08– ൽ 7.33 കോടി രൂപ ഫാക്ടറികളുടെ മോഡേണൈസേഷനുവേണ്ടി നൽകുകയും ഈ തുക കൊണ്ട് കാപ്പെക്സിന്റെ രണ്ടു ഫാക്ടറികൾ പൂർണ്ണമായും പൊളിച്ചു നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പത്തു ഫാക്ടറികളിലായി 13 ഇലക്ട്രിക് ബോർമകൾ സ്ഥാപിക്കുകയും ഒരു ഫ്ളെസ്കിപാക്കിംഗ് മെഷീൻ സ്ഥാപിക്കുകയും ആധുനിക സൗകര്യത്തോടു കൂടി ഒരു ഫ്ളെസ്കി പാക്കിംഗ് മെഷീന് ഓർഡർ കൊടുക്കുകയും, ഏകദേശം 10000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലുള്ള ഒരു മോഡേൺ ഫ്ളെസ്കിപാക്കിംഗ് സെന്ററിന്റെ നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു. തുടർച്ചയായി 10 ഫാക്ടറികളിലും തൊഴിൽ നൽകാൻ സാധിക്കുകയും കാപ്പക്സിന്റെ ചരിത്രത്തിൽ ആദ്യമായി 2008–ൽ 210 ദിവസം തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് നൽകുകയും ചെയ്തു. മാത്രമല്ല 2500 ഓളം ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് വിഭാഗങ്ങളിലേയ്ക്കായി തൊഴിലാളികളെ പുതിയതായി റിക്രൂട്ട് ചെയ്ത് ജോലി നൽകുയും ചെയ്തു. അതുവഴി പാരിറ്റി ക്ളിയർ ചെയ്യുകയും 35 എം.ടി പ്രതിദിനം ഉല്പാദനശേഷിയിൽ നിന്നും 54 എം.ടി ആയി ഉയർത്തുവാനും കഴിഞ്ഞു.

പൊതുമേഖലയിലുള്ള കശുവണ്ടി വികസന കോർപ്പറേഷന്റെ ബാങ്ക് ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുത്തതിന്റെ 3–ാമത്തെ ഇൻസ്റ്റാൾമെന്റായി 22.32 കോടി രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കോർപ്പറേഷൻ തൊഴിലാളികൾക്ക് 2006 വർഷത്തെ ബോണസ് നൽകുന്നതിനും കോർപ്പറേഷന്റെ പ്രവർത്തനമൂലധനമായി 11 കോടി രൂപ ബഡ്ജറ്റ് വകയിരുത്തുകയും ചെയ്യുക വഴി കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. 2007–08 സാമ്പത്തിക വർഷം

പദ്ധതിയിൽ ഉൾപ്പെടുത്തിയ കശുവണ്ടി കോർപ്പറേഷന് തോട്ടണ്ടി വാങ്ങാൻ 16 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. 2007-08 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപ പാക്കിംഗ് മെഷീനറി സ്ഥാപിക്കാൻ കോർപ്പറേഷന് അനുവദിച്ചു നല്കി. കോർപ്പറേഷൻ ഫാക്ടറികളിലെ നവീകരണ പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. 2008-09 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 5 കോടി രൂപയും ഫാക്ടറികളുടെ നവീകരണത്തിനും മറ്റുമായി 12.67 കോടി രൂപയും കോർപ്പറേഷന് അനുവദിക്കുകയുണ്ടായി. കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ 6,000 തൊഴിലാളികളെ പുതുതായി നിയമിക്കുകയും തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകി വരികയുമാണ്. കൂടാതെ കോർപ്പറേഷന്റെ വിവിധ ഫാക്ടറി കോമ്പൗണ്ടിലും മറ്റുമായി ഏകദേശം 50 ഏക്കർ സ്ഥലത്ത് സ്വന്തമായി കശുമാവ് കൃഷി ചെയ്തു വരുന്നു.

### ❖ <u>കരകൗശലം</u>

കരകൗശല മേഖലയിലെ ഉന്നതതല സ്ഥാപനങ്ങളായ സുരഭി, ബാംബൂ കോർപ്പറേഷൻ, കരകൗശല വികസന കോർപ്പറേഷൻ തുടങ്ങിയവ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സഹായം നൽകുന്നു. വനിതകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് പിന്നോക്ക വിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും സാമ്പത്തിക വികസന പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി രണ്ട് പദ്ധതികൾ എൻ.ബി.സി.എഫ്.ഡി.സിയും എൻ.എം.എഫ്.ഡി.സിയും നടപ്പാക്കി വരുന്നു. പരമാവധി 5 ലക്ഷം രൂപ വരെ വായ്പ ലഭിക്കാവുന്ന ആദ്യത്തെ പദ്ധതിയിൽ 10% തുക ചാനലൈസിംഗ് ഏജൻസിയും 5% തുക ഗുണഭോക്താവും വഹിക്കേണ്ടതാണ്. പരമാവധി രണ്ട് ലക്ഷം രൂപ വരെയുള്ള കരുതൽധന വായ്പാ പദ്ധതിയുമുണ്ട്. ഇതിൽ 5% തുക ചാനലൈസിംഗ് ഏജൻസിയും ഗുണഭോക്താവും വഹിക്കേണ്ടതാണ്. ഇങ്ങനെ ചാനലൈസിംഗ് ഏജൻസി എടുക്കേണ്ട വിഹിതം സർക്കാർ നൽകി സഹായിക്കുന്നു. പിന്നോക്ക വിഭാഗത്തിലോ ന്യൂനപക്ഷ വിഭാഗത്തിലോ പെടാത്തവരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കുമായി എൻ.ബി.സി.എഫ്.ഡി.സി.യിൽ

നിന്നും വായ്പ ലഭിക്കാൻ സർക്കാർ സഹായം നൽകുന്നുണ്ട്. ഈറ, മുള എന്നിവയുടെ വികസനത്തിൽ ബാംബൂ ഫെസ്റ്റുകൾ, ക്രാഫ്റ്റ് മേളകൾ, പരിശീലന പരിപാടികൾ ഇവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ നടപ്പുസാമ്പത്തിക വർഷം 4851-00-104-99 (Assistance to Apex Organizations) എന്ന ശീർഷകത്തിൽ നിന്നും കരകൗശല വികസന കോർപ്പറേഷന് 35 ലക്ഷം രൂപയും, കാഡ്കോയ്ക്ക് 4.32 ലക്ഷം രൂപയും സുരഭിക്ക് 20.68 ലക്ഷം രൂപയും, ബാംബൂ കോർപ്പറേഷന് 15 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2851-00-104-86 എന്ന ശീർഷകത്തിൽ കരകൗശല വികസന കോർപ്പറേഷന് 25.2 ലക്ഷം രൂപയും, സുരഭിക്ക് 26.8 ലക്ഷം രൂപയും, കെൽപാമിന് 18 ലക്ഷം രൂപയും കരകൗശല മേഖലയിൽ കോമൺഫെസിലിറ്റി സർവ്വീസ് സെന്ററിനുവേണ്ടി യും നൽകിയിട്ടുണ്ട്. എന്റർപ്രണർ അസിസ്റ്റന്റ്സ് സ്കീമിൽ 2851-00-104-84 എന്ന ശീർഷകത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പ റേഷന് 25 ലക്ഷം രൂപയും കരകൗശല വികസന കോർപ്പറേഷന് 5 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ മുള വികസനത്തിനു വേണ്ടി 2851-00-104-81 എന്ന ശീർഷകത്തിൽ കെ.ബിപ്പിന് 5 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

### ❖ ഈറ, മുള

പരമ്പരാഗത വ്യവസായമായ സംസ്ഥാന ബാംബൂകോർപ്പറഷൻ, സംസ്ഥാന സർക്കാരിന്റെ യും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ബാംബൂ മിഷന്റെയും സാമ്പത്തിക സഹായ ത്തോടെ 370 ലക്ഷം രൂപയുടെ മുതൽമുടക്കിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുക യാണ്. ഇതിന്റെ ഭാഗമായി മുള ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്ന ബാംബൂ ഫ്ളാറ്റന്റ് ബോർഡിന്റെ നിർമ്മാണം 24.01.08 - ൽ ആരംഭിക്കുകയും വിപണനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈവിദ്ധ്യവത്ക്കരണവുമായി ബന്ധപ്പെട്ട് വിവിധ പ്രദേശങ്ങളിൽ ഫ്ളാറ്റന്റ് ബോർഡിന്റെ നിർമ്മാണ വുമായി ബന്ധപ്പെട്ട് അസംസ്കൃത സാധനങ്ങൾ തയ്യാറാക്കുന്നതിന് വേണ്ടി ഫീഡർ യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. അതോടൊപ്പം തന്നെ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തൊഴിലാളികളെ സംഘടിപ്പിച്ച് കമ്മ്യൂണിറ്റി നെയ്ത്ത് കേന്ദ്രങ്ങൾ

ആരംഭിക്കുകയും യന്ത്രങ്ങളുടെ സഹായത്തോടെ പനമ്പു നെയ്ത്തു തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 20 കോടി രൂപയുടെ മുതൽ മുടക്കു വരുന്ന ഫ്ളോറിംഗ് ടൈൽസ് പദ്ധതിക്കുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഈ പദ്ധതിയുടെ തറക്കല്ലിടൽ 21.02.09 - ന് ചെറുവണ്ണൂർ-നല്ലളം ഗ്രാമ പഞ്ചായത്തിൽ ബഹു: വ്യവസായ വകുപ്പ് മന്ത്രി നിർവ്വഹിക്കുന്നതാണ്.

**(ബി)** സാമ്പത്തിക മാന്ദ്യം മൂലം ഐ.ടി. മേഖലയിൽ ഉണ്ടായിട്ടുള്ള തിരിച്ചടി നേരിടാൻ പരമ്പരാഗത മേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

**(ബി)**

- **<u>കയർ:-</u>** നടപടി സ്വീകരിച്ചു വരുന്നു.
- **<u>കൈത്തറി:-</u>** മേഖലയെ ശക്തിപ്പെടുത്തുവാൻ ഇപ്പോൾത്തന്നെ വളയെരയധികം പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.
- **<u>ഈറ, മുള:-</u>** പരമ്പരാഗത വ്യവസായമായ സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്തുന്നതിനും വേണ്ടി മേൽ വിവരിച്ച വിവിധ വികസന നവീകരണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

**(സി)** കാർഷിക അടിസ്ഥാന വ്യവസായങ്ങൾക്ക് പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;

**(സി)** പരിഗണിക്കുന്നതാണ്.

**(ഡി)** മികച്ച പരമ്പരാഗത വ്യവസായ സംരംഭകർക്ക് അവാർഡ് ഏർപ്പെടുത്തുമോ;

**(ഡി)**

- **<u>കയർ:-</u>**

കയർ രംഗത്തെ വിവിധ മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

- **<u>കൈത്തറി:-</u>**

2009-10 -ൽ കൈത്തറി മേഖലയിലെ മികച്ച 50 നെയ്ത്തുകാർക്ക് അവാർഡ് നൽകുന്നതിനായുള്ള 10 ലക്ഷം രൂപയുടെ ഒരു പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു.

| | |
|---|---|
| (ഇ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ മൂലം പരമ്പരാഗത മേഖലകളിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) ഉണ്ട്. |

❖ **കയർ:-**

കയറും കയർ ഉൽപന്നങ്ങളും കേരളത്തിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്നത് ആലപ്പുഴ മേഖലയിലാണ്. ആയതിനാൽ തന്നെ ഗ്രാന്റ് കേരള ഫെസ്റ്റിവൽ 2008 -നോടനുബന്ധിച്ച് ചേർത്തലയിൽ കയർഫെസ്റ്റ് വിജയകരമായി സംഘടിപ്പിച്ചിരുന്നു. സംഘങ്ങളുടെയും പൊതുജനങ്ങളുടെയും സഹകരണം ഈ മേളകളിലുണ്ടായിരുന്നു. ഏകദേശം 1.55 കോടി രൂപയുടെ വിൽപന ഈ മേളയിലൂടെ ഉണ്ടായിരുന്നു.

❖ **കൈത്തറി:-**

ഇതുമായി ബന്ധപ്പെട്ട് ഹാന്റക്സ്, ഹാൻവീവ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഹാന്റക്സിന്റെ 32 ഷോറൂമുകൾ ഗ്രാന്റ് കേരള ഫെസ്റ്റിവലിന്റെ ഭാഗമായുണ്ടായി. കഴിഞ്ഞ വർഷം ഈ ഫെസ്റ്റിവൽ കാലയളവിൽ 68.99 ലക്ഷം രൂപയുടെയും ഈ വർഷം 63.04 ലക്ഷം രൂപയുടെയും വില്പന നടന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ടാണ് വില്പനയിൽ കുറവുണ്ടായതെന്നു കരുതപ്പെടുന്നു. ഈ ഫെസ്റ്റിവലിന്റെ സമ്മാന പദ്ധതികളിലൂടെയും പരസ്യത്തിലൂടെയും പരമ്പരാഗത കൈത്തറി വ്യവസായ മേഖലയിൽ പുരോഗതി ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

സംസ്ഥാനത്തുടനീളം ഹാൻവീവിന്റെ 4 ഷോറൂമുകൾ/ എക്സിബിഷനുകളിലായി ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനോടനുബന്ധിച്ച് കൂപ്പണുകൾ നല്കി വില്പന നടത്തുകയുണ്ടായി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ ഷോറൂമുകളിൽ/ എക്സിബിഷനുകളിൽ ശരാശരി 20% അധിക വില്പന ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു.

❖ **കരകൗശലം:-**

കരകൗശലം, ആദിവാസി ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വിപണി വിപുലപ്പെടുത്തുന്നതിനും, പുതിയ വിപണി കണ്ടെത്തുന്നതിനും, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനോടനുബന്ധിച്ച

ആലപ്പുഴ, കണ്ണൂർ, കൊല്ലം, മലപ്പുറം, തിരുവനന്തപുരം, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പ്രത്യേക മേളകളും, പ്രദർശനങ്ങളും സംഘടിപ്പിച്ചു. മലപ്പുറത്തെ കോട്ടക്കുന്നിൽ ക്രാഫ്റ്റ്സ്മേള സംഘടിപ്പിക്കുകയുണ്ടായി. 100 ഹാന്റിക്രാഫ്റ്റ്സ് യൂണിറ്റുകൾ ഇതിൽ പങ്കെടുത്തു.

5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടു തുടക്കം കുറിച്ച ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ രണ്ടാം വർഷമാണ് മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പ്രാമുഖ്യം നൽകിയത്. ആയതിനാൽ ഇതുമൂലം പരമ്പരാഗത മേഖലയിൽ ഉണ്ടായ പുരോഗതിയെ വിലയിരുത്താൻ കുറച്ചുകൂടി സമയം ആവശ്യമാണ്.

❖ **<u>കശുവണ്ടി:-</u>**

ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിനോടനുബന്ധിച്ച് കൊല്ലത്തു പീരംഗി മൈതാനത്തു നടന്ന കാഷ്യൂ ഫെസ്റ്റിൽ കാപ്പെക്സ് പങ്കെടുക്കുകയും വിവിധ ഗ്രേഡിലുള്ള വിവിധ പായ്ക്കറ്റിലുള്ള കശുവണ്ടിപ്പരിപ്പ് മെച്ചപ്പെട്ട വിലയിൽ നല്ലൊരു Quantity വിൽക്കുവാനും സാധിച്ചു. അതുവഴി പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിലുള്ള കാപെക്സിന്റെ ഉല്പന്നങ്ങളെപ്പറ്റിയുള്ള അറിവ് ജനങ്ങളുടെ ഇടയിൽ കൊണ്ടു വരാനും സാധിച്ചു.

❖ **<u>ഈറ, മുള:-</u>**

ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിൽ ബാംബൂ കോർപ്പറേഷൻ സജീവമായി പങ്കെടുത്തിട്ടുണ്ട്. ഇതുമൂലം കോർപ്പറേഷന്റെ ഉല്പന്നങ്ങളായി ബാംബൂപ്ളൈ, പുതുതായി വിപണിയിൽ ഇറക്കിയിട്ടുള്ള ഫ്ളാറ്റന്റ് ബാംബൂ ബോർഡ് എന്നിവ പൊതുജനങ്ങളെ പരിചയപ്പെടുത്തുവാനും ആയതിന്റെ ഗുണമേന്മയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78 — 19.02.2009-ൽ മറുപടിക്ക്

**സർക്കാർ ആശുപത്രികളിലെ ലബോറട്ടറികളുടെ ശോചനിയാവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ എം ചന്ദ്രൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെ ലബോറട്ടറികളുടെ ശോചനിയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലബോറട്ടറികൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ; | (എ) | സർക്കാർ ആശുപത്രികളിലെ ലബോറട്ടറികൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പലവിധ പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |
| (ബി) | നവീകരണത്തിന്റെ ഭാഗമായി ലബോറട്ടറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | ആശുപത്രികളിലെ ലബോറട്ടറികളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ പല സ്കീമുകൾ വഴിയും നടപടി എടുത്തുവരുന്നു. എൻ.ആർ.എച്ച്.എം., കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്., ടി.ആർ.പി. പ്രോജക്ട് എന്നിവയുടെ ഭാഗമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ചും മറ്റും ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലബോറട്ടറികളുടെ സൗകര്യവും മെച്ചപ്പെടുത്തിവരുന്നു. |
| (സി) | പരിശോധനാ ഫലങ്ങളിലെ കൃത്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | ആശുപത്രി ലബോറട്ടറികളിലെ പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും അക്രഡിറ്റേഷനുമായി ഒരു പദ്ധതി എൻ.ആർ.എച്ച്.എം. വഴി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരളനിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ.79 | 19.02.2009 ൽ<br>മറുപടിക്ക് |

## പൊതുമേഖലാസ്ഥാപനങ്ങളുടെ ഉപയോഗിക്കാത്ത ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ:<br>,, വർക്കല കഹാർ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയിൽ ഉപയോഗപ്രദമാക്കാത്ത ഭൂമിയുണ്ടോ; ഇത് സ്വകാര്യ വ്യവസായികൾക്ക് വ്യവസായം സ്ഥാപിക്കുവാൻ കൊടുക്കുന്നതിനോടുള്ള സമീപനം എന്താണെന്ന് വിശദീകരിക്കാമോ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉപയോഗിക്കാത്ത ഭൂമി ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി സ്വകാര്യ വ്യവസായികൾക്ക് നൽകുക എന്നത് സർക്കാരിന്റെ നയമല്ല. |
| (ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കാമോ? | (ബി) സ്വകാര്യവ്യവസായികൾക്ക് ഭൂമി കൊടുക്കുന്ന കാര്യത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനമില്ലാതെ കിടന്നിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ KSIDC, KINFRA മുതലായ സ്ഥാപനങ്ങൾ മുഖേന വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 80 — 19-02-2009-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>,, കെ. കുഞ്ഞിരാമൻ :<br>,, എം.എം. മോനായി :<br>,, പി. കൃഷ്ണപ്രസാദ് :<br>,, അൽഫോൺസ് കണ്ണന്താനം | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>2010-ൽ സംസ്ഥാനത്തു നടക്കുന്ന ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ)<br>2010-ൽ കേരളം ആതിഥ്യമരുളുന്ന 35—ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 07.11.2008-ൽ ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനുമായി സർക്കാർ കരാർ ഒപ്പുവെയ്ക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അടിസ്ഥാന വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് 'നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ്' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി വിപുലമായ സംഘാടക സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി)<br>അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; ഇതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; | (ബി)<br>ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിന് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പുനരുദ്ധരിക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ കേരള സർക്കാർ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തുകയുണ്ടായി. കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. വിശദമായ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ തുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല. |
| (സി)<br>ഗെയിംസ് നടത്തുന്ന പ്രധാന കേന്ദ്രങ്ങൾ ഏതെല്ലാമാണ് ? | (സി)<br>ദേശീയ ഗെയിംസിന്റെ മുഖ്യ വേദിയായ തിരുവനന്തപുരം കൂടാതെ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളും വേദികളായി പരിഗണിച്ചിട്ടുണ്ട്. |

(vi)
ദേശീയ ഗെയിംസിൽ കേരളത്തിലെ കായിക താരങ്ങൾ മികച്ച പ്രകടനം നടത്തുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുമോയെന്ന് അറിയിക്കുമോ?

(vi)
ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം ഉറപ്പാക്കുന്നതിനായി കായിക താരങ്ങൾക്ക് ശാസ്ത്രീയ രീതിയിൽ വിദഗ്ധ പരിശീലകരെ ഉൾപ്പെടുത്തി വിദേശ കോച്ചുകൾ ഉൾപ്പെടെ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Valsa
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.81

19.2.2009ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ മിഷൻെറ കർത്തവ്യങ്ങൾ

**ചോദ്യം**

ശ്രീ.ജോർജ് എം.തോമസ്:
ശ്രീമതി.ജെ.അരുന്ധതി:
ശ്രീ.പി.ജയരാജൻ:
ശ്രീ.മഞ്ഞളാംകുഴി അലി:
ശ്രീ.കെ.സി.രാജഗോപാലൻ:

**ഉത്തരം**

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ മിഷൻെറ കർത്തവ്യങ്ങൾ എന്തെല്ലാമാണ്; മിഷൻ ഇതിനകം എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) | 1. സമൂഹത്തിൽ സുരക്ഷയും സംരക്ഷണവും ആവശ്യമായ നിരാലംബർ, പാവപ്പെട്ടവർ, വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ, മാരകമായ കാൻസർ രോഗം ബാധിച്ചവർ എന്നിവർക്കും അതുപോലുള്ള മറ്റുള്ളവർക്കും വേണ്ടി സാമൂഹ്യ സുരക്ഷാ പരിപാടികളും സാമൂഹ്യ സേവന പദ്ധതികളും സംഘടിപ്പിക്കുക.<br>2. സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br>3. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമാകുന്ന രീതിയിൽ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളെ മാറ്റിയെടുക്കുക.<br>4. സർക്കാർ ആശുപത്രികളിൽ കഴിയുന്ന രോഗികൾക്കും അഗതികൾക്കും കേന്ദ്രീകൃതമായി |

| | | | |
|---|---|---|---|
| | | | ആഹാരം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യം ഒരുക്കുക.<br>5. ദുർബല ജനവിഭാഗങ്ങളുടെ ആരോഗ്യവും പോഷക ഗുണനിലവാരവും ഉയർത്തുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുക.<br>6. ഗുരുതരമായി രോഗം ബാധിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ സഹായമുൾപ്പെടെയുള്ള സഹായം ലഭ്യമാക്കുക.<br>7. കാൻസർ കെയർ പദ്ധതിയിലൂടെ ഈ രോഗം ബാധിക്കുന്ന കുട്ടികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.<br>8. സർക്കാർ ആശുപത്രികളിൽ നിന്നും വിടുതൽ ചെയ്യുന്ന അഗതികളായ രോഗികളെ പുനരധിവസിപ്പിക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.<br>9. സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും അതിന്മേല ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.<br>10. സാമൂഹ്യ ഗവേഷണം, വികസനം, ആരോഗ്യം, പരിസ്ഥിതി എന്നിവ സംബന്ധിച്ചുള്ള രേഖകളുടെ സംഭരണം നടത്തുക.<br>11. സാമൂഹ്യ സേവനത്തിൽ ഏർപ്പെട്ടിട്ടുള്ള പ്രവർത്തകർക്കും സന്നദ്ധ സംഘടനകൾക്കും ക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | അത് കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ പരിശീലനവും ശേഷിയും ഉണ്ടാക്കിയെടുക്കുക.<br>12. സംസ്ഥാനത്തെ സാമൂഹിക സുരക്ഷിതത്വ പരിപാടികളെ സംബന്ധിച്ച് വിവരകേന്ദ്രം(Information hub) വികസിപ്പിക്കു.<br>13. മേല്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ തലത്തിലുള്ള സഹായവും നൽകുക.<br><br>സാമൂഹ്യസുരക്ഷാ മിഷൻ ആദ്യഘട്ടത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. കുട്ടികൾക്കായുള്ള ക്യാൻസർ സുരക്ഷാ പദ്ധതി.<br>2. ഹംഗർ ഫ്രീ സിറ്റി പ്രോഗ്രാം(വിശപ്പ് രഹിത നഗരം പദ്ധതി)<br>3. സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവിടുത്തെ അന്തേവാസികളുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്തുക.<br>4. സർക്കാർ ആശുപത്രികളിൽ ഭേദമായിട്ടും ആരും സംരക്ഷിക്കാനില്ലാത്ത രോഗികളുടെ സംരക്ഷണം ഉറപ്പുവരുത്തുക.<br>5. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് സഹായം നൽകുന്ന കാരുണ്യ ഡിപ്പോസിറ്റ് പദ്ധതി ആരംഭിക്കുക.<br>6. വയോജനങ്ങൾക്കായി പ്രത്യേക പദ്ധതികൾ, കോർപ്പറേഷനുകൾ |

| | | | |
|---|---|---|---|
| | | | സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുക.<br>7. കുട്ടികളിൽ കൗമാരപ്രായക്കാരുടെ ഇടയിലും നിലനിൽക്കുന്ന സൂയിസൈഡ് ടെൻഡൻസി മാറ്റുന്നതിനായി സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക. |
| (ബി) | 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇതിനകം എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു; | (ബി) | 1.11.2008 മുതൽ ചികിത്സയ്ക്കായി ആശുപത്രികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന 18 വയസ്സുവരെ പ്രായമുള്ള കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുക. ഒരു കുട്ടിയ്ക്ക് 50,000/-രൂപ വരെയുള്ള ചികിത്സാ ചെലവാണ് സൗജന്യമായി ലഭിക്കുക. ഇതിലും കൂടുതൽ തുക ചെലവാകുന്ന പക്ഷം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്/റേഡിയോതെറാപ്പി വിഭാഗത്തിന്റെ തലവൻ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം അനുവദിക്കുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ തലത്തിൽ ചികിത്സ ലഭ്യമാക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെൻറർ, മലബാർ ക്യാൻസർ സെൻറർ എന്നീ സ്ഥാപനങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 1,60,00,000/-രൂപ നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ക്യാൻസർ സുരക്ഷാ പദ്ധതിയിൽ ചികിത്സ എടുക്കുന്നവർക്കായി പ്രത്യേക രജിസ്ട്രേഷൻ കാർഡ്, രജിസ്ട്രേഷൻ ഫോമുകൾ, രജിസ്റ്ററുകൾ എന്നിവ നൽകിയിട്ടുണ്ട്. ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്ക് ചികിത്സയ്ക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിനും മറ്റുമായി കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ കീഴിൽ വരുന്ന സർക്കാർ മെഡിക്കൽ കോളേജിലോ, ആശുപത്രികളിലോ പരിശോധനാ സൗകര്യങ്ങൾ കുറവായതിനാൽ രോഗിയ്ക്ക് പുറത്തുള്ള പ്രൈവറ്റ് സ്ഥാപനങ്ങളിൽ പരിശോധിക്കേണ്ട സാഹചര്യമുണ്ടായാൽ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട് നേരത്തെ ഈ പദ്ധതി പ്രകാരം പരിശോധനയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള ഏതെങ്കിലും പ്രൈവറ്റ് സ്ഥാപനത്തിൽ പരിശോധന നടത്തുന്നതിനും അതിലേക്കായി വരുന്ന മുഴുവൻ ചെലവുകളും രോഗിയ്ക്ക് ഈ പദ്ധതി പ്രകാരം തിരിച്ചു നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>ഈ പദ്ധതിയിൽ ജനുവരി മാസം വരെ ആകെ 142 രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ സഹായത്തിന് മിഷൻ, പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (സി) | ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ സഹായത്തിന് ഉള്ള പദ്ധതിയാണ് സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്നത്. |
| (ഡി) | മിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എങ്ങനെയാണ് | (ഡി) | മിഷന്റെ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ നിലവിലുള്ള കോർപ്പസ് ഫണ്ടിനു പുറമേ സന്നദ്ധ സംഘടനകൾ, വ്യവസായ |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ? | | സ്ഥാപനങ്ങൾ, വ്യവസായ പ്രമുഖർ, വ്യക്തികൾ തുടങ്ങി സുരക്ഷാ മിഷൻെറ പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കാൻ ആഗ്രഹിക്കുന്നവരും താൽപ്പര്യമുള്ളവരുമായവരിൽ നിന്ന് സംഭാവന വഴിയും പണം കണ്ടെത്തുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ

2

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82 | 19.02.2009 -ൽ മറുപടിയ്ക്ക് |
|---|---|

**മനോരോഗികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ:<br>ശ്രീ. സി.എഫ്. തോമസ്:<br>പ്രൊഫ. എൻ. ജയരാജ്: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | മനോരോഗികളുടെ പുനരധിവാസ കേന്ദ്രങ്ങൾ പി.ഡബ്ല്യു.ഡി. ആക്ട് 1995 - ന്റെ പരിധിയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യുവാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) | ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ ഒഴികെ മറ്റ് വികലാംഗ സ്പെഷ്യൽ സ്കൂളുകൾക്കും വികലാംഗ ക്ഷേമ സ്ഥാപനങ്ങൾക്കും പുനരധിവാസ സ്ഥാപനങ്ങൾക്കും സാമൂഹ്യക്ഷേമ വകുപ്പു വഴി അംഗീകാരം നൽകുന്നതിന് പ്രത്യേകം റൂൾസ് നിലവിലില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ റൂൾസ് ഉണ്ടാക്കുന്നതിനായി 11 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് സ.ഉ. (എം.എസ്) നം. 45/08/സാക്ഷേവ തീയതി 11.07.08 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | 2003 -ൽ ഡോ. വി.കെ. രാധാകൃഷ്ണൻ, ഡോ. ജയറാം എന്നിവർ സമർപ്പിച്ച മാർഗ്ഗരേഖയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | 25.05.03 - ൽ കേരള ഫെഡറേഷൻ ഫോർ ദി മെന്റലി ഡിസ്ഏബിൾഡ് എന്ന സംഘടനയുടെ പേരിൽ ഡോ. വി.കെ.രാധാകൃഷ്ണൻ ഒരു മാർഗരേഖ സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിനെക്കുറിച്ച് ചർച്ച ചെയ്യുവാനായി 05.08.03 -ൽ ആരോഗ്യവകുപ്പ് സെക്രട്ടറി ബന്ധപ്പെട്ട അധികാരികളുടേയും പുനരധിവാസ കേന്ദ്രങ്ങളുടെ പ്രതിനിധികളുടേയും ഒരു യോഗം വിളിച്ചിരുന്നു. വിശദമായ ചർച്ചകൾക്കുശേഷം സന്നദ്ധസംഘടനകൾ നടത്തുന്ന മനോരോഗ പുനരധിവാസകേന്ദ്രങ്ങളുടെ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതിനും അതിന്റെ പുരോഗതിക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി ഒരു ഉപദേശക സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. ഈ കമ്മിറ്റി കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | മനോരോഗപുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിലേക്കായി മെന്റൽ ഹെൽത്ത് ആക്റ്റ് പ്രകാരമുള്ള ലൈസൻസിനു പകരം മേല്പറഞ്ഞ ഉപദേശക സമിതി നൽകുന്ന രജിസ്ട്രേഷൻ മതി എന്ന കേരള ഫെഡറേഷൻ ഫോർ ദി മെന്റലി ഡിസ്ഏബിൾഡ് എന്ന സംഘടനയുടെ ആവശ്യം ഈ യോഗത്തിൽ നിരാകരിച്ചിരുന്നു. മനോരോഗികളുടെ പുനരധിവാസ കേന്ദ്രങ്ങൾ മെന്റൽ ഹെൽത്ത് ആക്റ്റിന്റെ വ്യവസ്ഥകൾക്ക് കീഴിൽ വരുന്നതിനാൽ ഈ സ്ഥാപനങ്ങളിലെ രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിനും ഡിസ്ചാർജ്ജ് ചെയ്യുന്നതിനും ഉള്ള വ്യവസ്ഥകളും ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിലേക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തീരുമാനിക്കുന്നതും ഈ സ്ഥാപനങ്ങളുടെ നിയന്ത്രണം, വികസനം, മേൽനോട്ടം എന്നിവ മെന്റൽ ഹെൽത്ത് ആക്റ്റ് പ്രകാരം കൂടി ആയിരിക്കണം. ഉപദേശക സമിതിയുടെ രൂപീകരണം മെന്റൽ ഹെൽത്ത് ആക്റ്റിന്റെ വ്യവസ്ഥകളിൽ എവിടെയും ഉൾപ്പെടുത്തിയിട്ടില്ല. മെൻറൽ ഹെൽത്ത് അതോറിറ്റിയുടെ ശുപാർശകൾ അനുസരിച്ച് അനന്തര നടപടികൾ എടുക്കുന്നതാണ്. |

Mary Melanie Rekha

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 83 — 19-02-2009 ൽ മറുപടിക്ക്

## കേരളത്തിന്റെ പുതിയ റെയിൽവേ പദ്ധതികൾ

| ചോദ്യം:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ.കെ.ബാബു : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
|---|---|
| (എ). 2009-10-ലെ റെയിൽവേ ബജറ്റിൽ എന്തെല്ലാം പുതിയ പദ്ധതികൾ ചേർക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടിട്ടുള്ളത് ; | (എ). നിവേദനത്തിന്റെ പകർപ്പ് ഇത് സഹിതം വയ്ക്കുന്നു. |
| (ബി). ഇതിൽ സാദ്ധ്യതാ പഠനം നടത്തി പ്രായോഗികമല്ലെന്നു കണ്ടവ ഏതെല്ലാമാണ് ; | (ബി). മൈസൂർ-തലശ്ശേരി, നിലമ്പൂർ-നഞ്ചൻകോട് എന്നീ ലൈനുകളുടെ സർവ്വെ പൂർത്തീകരിച്ചെങ്കിലും അവ പ്രായോഗികമല്ല എന്ന് റയിൽവെ അറിയിച്ചിരിക്കുന്നു. |
| (സി). സംസ്ഥാനത്തെ പാത ഇരട്ടിപ്പിക്കൽ പണി ഇനി എവിടെയെല്ലാമാണ് പൂർത്തിയാക്കേണ്ടത് ; | (സി). ഷൊർണ്ണൂർ-മംഗലാപുരം റൂട്ടിൽ 27 കിലോമീറ്ററും, എറണാകുളം-കായംകുളം കോട്ടയം വഴിയും ആലപ്പുഴ വഴിയുമുള്ള ഇരട്ടിപ്പിക്കൽ പ്രവർത്തനങ്ങളും പൂർത്തിയാക്കേണ്ടതുണ്ട്. |
| (ഡി). അതിനു കാല താമസം വരാനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ; | (ഡി). ഭൂമി ഏറ്റെടുക്കുന്നതിനുള്ള തർക്കങ്ങൾ മൂലമാണ് കാലതാമസം ഉണ്ടാകുന്നത്. |
| (ഇ). സംസ്ഥാനത്തെ റെയിൽപാത മൂന്നു വരിയാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (ഇ). ഇല്ല. |
| (എഫ്). സംസ്ഥാനത്തെ ട്രാക്കുകളുടെ ഓവർലോഡിംഗ് പരിഹരിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (എഫ്). മംഗലാപുരം മുതൽ കന്യാകുമാരിവരെയുള്ള റയിൽപാതയുടെ ഇരട്ടിപ്പിക്കലാണ് ഇതിനുള്ള ഏക പോംവഴി. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

നിവേദനം പൈപ്പ്ലൈനിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.84 — 19.2.2009ൽ മറുപടിയ്ക്ക്

ആത്മഹത്യാ പ്രവണത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ:<br>ശ്രീ.തോമസ് ചാഴിക്കാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ജനങ്ങളിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2005, 2006, 2007, 2008 വർഷങ്ങളിലെ കണക്കുകൾ പ്രകാരം കേരളത്തിലെ ജനങ്ങളിൽ ആത്മഹത്യ പ്രവണത കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. |
| (ബി) | സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക്, ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2007ലെ കണക്കു പ്രകാരം കേരളത്തിലെ ആത്മഹത്യാ നിരക്ക് 26.3 ഉം ദേശീയ നിരക്ക് 10.8 ഉം ആണ്. |
| (സി) | ജനങ്ങളിൽ ആത്മഹത്യാ പ്രവണത ഉടലെടുക്കാൻ ഇടയാക്കുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (സി) | സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും പഠനമൊന്നും നടത്തിയിട്ടില്ല. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2006 വരെയുള്ള കണക്കുകൾ പ്രകാരം ആത്മഹത്യയ്ക്കുള്ള കാരണങ്ങളെ തരം തിരിച്ചിട്ടുണ്ട്(അനുബന്ധമായി ചേർക്കുന്നു)കുടുംബ പ്രശ്നങ്ങൾ, മാനസികരോഗം, സാമ്പത്തിക പ്രാരാബ്ധം തുടങ്ങിയവയാണ് മുഖ്യകാരണങ്ങളായി കാണിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത കണക്കിലെടുത്ത് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമോ? | (ഡി) | കേരളത്തിലെ ജനങ്ങളിൽ ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നതായി കണക്കുകളിൽ കാണുന്നില്ല. എങ്കിലും ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും ഹൈസ്കൂളുകളിൽ കൗമാര പ്രായക്കാർക്ക് ആരോഗ്യ ക്ലിനിക്കുകൾ മുഖേന കൗൺസലിംഗ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട | 19.2.2009ൽ |
| ചോദ്യം നമ്പർ.85 | മറുപടിയ്ക്ക് |

വയോജന നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.എം.കെ.പുരുഷോത്തമൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വയോജന നയം നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർ, വികലാംഗർ എന്നീ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ ഓൾഡ് ഏജ് ഹോമുകളോടനുബന്ധിച്ച് ഡേ കെയർ സെൻററുകൾ അനുവദിച്ചിട്ടുണ്ട്. ഈ ഡേ കെയർ സെൻററുകളിലേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് പ്രതിമാസം 5000/-രൂപ എന്നത് 10,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. ചാക്കയിൽ പ്രവർത്തിക്കുന്ന ഓൾഡ് ഏജ് ഹോമിൻെറ സ്ഥലം Airport Authority ഏറ്റെടുക്കുന്നതിനാൽ പുലയനാർ കോട്ടയിലേക്ക് മാറ്റി പ്രവർത്തിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതു പ്രകാരം പുലയനാർ കോട്ടയിൽ ഹെൽത്ത് ഡിപ്പാർട്ട്മെൻറ് 3.64 ഏക്കർ സ്ഥലം ഈ ആവശ്യത്തിനു വേണ്ടി കൈമാറാൻ നടപടി സ്വീകരിച്ചുവരുന്നു. NGO sector ൽ ഓൾഡ് ഏജ് ഹോമുകൾ പ്രവർത്തിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ ധനസഹായം നൽകിവരുന്നു. ഓൾഡ് ഏജ് ഹോം അനുവദിക്കുന്നതിന് കേന്ദ്ര സഹായം NGO മാർക്കും LSG യ്ക്കും ലഭ്യമാണ്. ഇത് പ്രകാരം അപേക്ഷകൾ സ്വീകരിച്ച് State level multi disciplinary grant in aid committee യുടെ ശുപാർശയോടെ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നു. 26.6.07ലെ G.O.(MS)33/07/SWD പ്രകാരം സംസ്ഥാന വയോജന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ വൃദ്ധ സദനങ്ങളിലെ വൃദ്ധജനങ്ങളുടെ ദൈനംദിന ജീവിതത്തിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഒരു ഡയറ്റ് സ്കെയിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നതും ചികിത്സയ്ക്ക് ശേഷം സംരക്ഷിക്കാനാളില്ലാതെ കഴിഞ്ഞുവരുന്നതുമായ വൃദ്ധജനങ്ങളെ NGO മാരുടെ സഹായത്തോടെ പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതു പ്രകാരം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്യുന്ന അന്തേവാസികളെ സംരക്ഷിക്കുന്ന 3 സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് വൃദ്ധർ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നത് ലക്ഷ്യമാക്കി ഒരു സോഷ്യൽ സെക്യൂരിറ്റി മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൃദ്ധജനവിഭാഗങ്ങൾക്ക് കെയർഹോം സ്ഥാപിക്കുന്നതിന് LSG കൾക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി സാമൂഹ്യക്ഷേമ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ മനോരോഗാശുപത്രികളിൽ നിന്ന് വിടുതൽ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നവർക്കുള്ള പുനരധിവാസ പദ്ധതിക്ക് LSG കൾക്ക് നൽകുന്നതിന് നീക്കിവെച്ചിരിക്കുകയാണ്. |
| (ബി) | വയോജനങ്ങൾക്ക് വേണ്ടിയുള്ള ആരോഗ്യരക്ഷാ പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ചികിത്സയ്ക്കുമുള്ള പലവിധ കാര്യങ്ങൾ ആരോഗ്യവകുപ്പ് വഴിയും NRHM വഴിയും ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് ജില്ലാ ആശുപത്രികൾ വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്കുള്ള പ്രത്യേക ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരം ജനറലാശുപത്രിയിൽ ജെറിയാട്രിക് ക്ലിനിക്കിൽ 12 കിടക്കകളുള്ള ഒരു വാർഡ് വയോജനങ്ങൾക്കായി മാറ്റിവെച്ചിട്ടുണ്ട്. വയോജനങ്ങൾക്കു വേണ്ടി എൻ.ആർ.എച്ച്.എം വഴി കൊല്ലം ജില്ലയിൽ വെളിയനല്ലൂർ ബ്ലോക്കിൽ ആയുരാരോഗ്യം എന്ന പേരിൽ വൃദ്ധജനങ്ങൾക്കായിട്ടുള്ള ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കി വരുന്നു. കൂടാതെ 2009-10 സംസ്ഥാന പ്രോഗ്രാം ഇംപ്ലിമെൻേറഷൻ പ്ലാനിൽ കൊല്ലം ജില്ലയിൽ മൊത്തം ഈ പരിപാടി നടപ്പിലാക്കുന്നതിനുള്ള പദ്ധതിരേഖ കേന്ദ്ര സർക്കാറിൻെറ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വൃദ്ധസദനങ്ങൾ വികസിപ്പിക്കുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | നടപ്പു സാമ്പത്തിക വർഷം 2235-02-104-87(P) ശീർഷകത്തിൽ വൃദ്ധ വികലാംഗ സദനത്തിനും മറ്റു സ്ഥാപനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് വിവിധ വൃദ്ധമന്ദിരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൾഡ് ഏജ് ഹോമുകളിൽ പ്രത്യേകം മാനേജിംഗ് കമ്മറ്റികൾ രൂപീകരിക്കുകയും, ആയത് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരമുള്ള മാനേജിംഗ് കമ്മറ്റി മുഖേന കേന്ദ്ര സഹായത്തിന് മതിയായ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങൾ വികസിപ്പിക്കുന്നതിൻെറ ഭാഗമായി 10 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള ജില്ലകൾക്ക് 25 അന്തേവാസികൾക്കും, 10-20 ലക്ഷത്തിനിടയ്ക്ക് ജനസംഖ്യയുള്ള ജില്ലകൾക്ക് 50 അന്തേവാസികൾക്കും, 20 ലക്ഷത്തിനുമേൽ ജനസംഖ്യയുള്ള ജില്ലകൾക്ക് 100 അന്തേവാസികൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 5 ജില്ലകൾക്ക്(തിരുവനന്തപുരം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്)പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | വയോജന നയത്തിൻെറ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച കർമ്മപദ്ധതി ഓരോ വർഷവും അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ബഹു.മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാന വയോജന കൗൺസിൽ യോഗം ചേർന്ന് അവലോകനം നടത്താറുണ്ട്. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86 | | 19.02.2009-ൽ മറുപടിയ്ക്ക് |
|---|---|---|
| അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. അടൂർ പ്രകാശ് | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | 60 വയസ്സ് തികഞ്ഞ അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ നിന്നും അംഗൻവാടി പ്രവർത്തകർക്ക് പെൻഷൻ നടപ്പിലാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സാമൂഹ്യക്ഷേമ ഡയറക്ടർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) യും (സി) യും: പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അതേപടി അംഗീകരിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർ-മാരുടെയും ഹോണറേറിയത്തിൽ 01.08.2005 മുതൽ 100/- രൂപ വീതം വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ; | |
| (ഡി) | അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതിന് ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | ഡി)<br>1) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർ-മാർക്കും ഉള്ള ഹോണറേറിയത്തിൽ സംസ്ഥാന വിഹിതത്തിൽ 150/- രൂപ യുടെ വർദ്ധനവ് 1.7.2006 മുതൽ പ്രാബല്യം നൽകി അനുവദിച്ചു. |

| | | |
|---|---|---|
| | | 2) കേന്ദ്ര സർക്കാർ 1.04.2008 മുതൽ പ്രാബല്യം നൽകി അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും യഥാക്രമം വർദ്ധിപ്പിച്ച 500 രൂപയുടേയും 250 രൂപയുടെയും വർദ്ധനവ് അനുവദിച്ച് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്.<br>3) തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളിലും മറ്റും ഏർപ്പെടുന്നതിലേയ്ക്കായി നൽകി വരുന്ന അധിക വേതനത്തിൽ വർക്കർമാർക്ക് 50/- രൂപയുടേയും ഹെൽപ്പർമാർക്ക് 25/- രൂപയുടെയും വർദ്ധനവ് ഏർപ്പെടുത്തി.<br>4) താല്ക്കാലികമായി 15.12.2006 വരെ 6 മാസമോ അതിലധികമോ കാലയളവിൽ ജോലി ചെയ്തിട്ടുള്ളവരെ സീനിയോറിറ്റി യുടെ അടിസ്ഥാനത്തിൽ സ്ഥിര നിയനത്തിന് പരിഗണിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു.<br>5) അംഗൻവാടി വർക്കർമാരുടെ ഒഴിവിന്റെ 25% 10 വർഷത്തെ സ്ഥിര സേവനമുള്ള എസ്.എസ്.എൽ.സി പാസ്സായവരും 55 വയസ്സ് തികയാത്തതുമായ അംഗൻവാടി ഹെൽപ്പർമാർക്കായി നീക്കി വച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.<br>6) എസ്.എസ്.എൽ.സി പാസ്സാകാത്തവരും ഹെൽപ്പർമാരായി 10 വർഷത്തെ സ്ഥിരം സർവ്വീസും 55 വയസ്സ് തികയാത്തവരു മായ എസ്.സി/എസ്.റ്റി വിഭാഗത്തിൽ നിന്നുള്ളവരേയും എസ്.എസ്.എൽ.സി പാസ്സായവരില്ലാത്ത പക്ഷം വർക്കർമാരായി നിയമിക്കുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| | | 7) അംഗൻവാടി ജീവനക്കാർക്കുവേണ്ടി അംഗൻവാടി കാര്യകർത്രി ബീമാ യോജന 1.4.2004 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ അംഗമായിട്ടുള്ള സ്വാഭാവിക മരണം നേരിടുന്ന ആൾക്ക് 30,000/- രൂപയും അപകടംമൂലമുള്ള മരണമോ, സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യമോ നേരിട്ടാൽ 75,000/- രൂപയും സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് 37,500/- രൂപയും സ്ത്രീകളിലെ വിവിധ ഇനം ക്യാൻസർ ചികിത്സക്കായി 20,000/- രൂപയും നൽകുന്നു. ഇതിനു പുറമേ അംഗങ്ങളുടെ 2 കുട്ടികൾക്ക് 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പഠനത്തിന് 1 വർഷം 1200/- രൂപ വീതം സ്കോളർഷിപ്പ് ആയും നൽകി വരുന്നു.<br>8) അംഗൻവാടി വർക്കർമാർക്കുള്ളതു പോലെ അംഗൻവാടി ഹെൽപ്പർമാർക്കും അവാർഡ് ഏർപ്പെടുത്തി. സംസ്ഥാനതലത്തിൽ ആകെ 37 അംഗൻവാടി ഹെൽപ്പർമാർക്ക്, ഒരാൾക്ക് 3000/- രൂപ വീതം അവാർഡ് നൽകി വരുന്നു.<br>9) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ തസ്തികയിൽ 25% ഒഴിവുകൾ അംഗൻവാടി വർക്കർമാർക്കായി നീക്കി വച്ചിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്കുള്ള ക്വാട്ടയിലുള്ള സൂപ്പർവൈസർമാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിന് പി.എസ്.സി.യിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുകയും അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.67

19.02.2009 ൽ മറുപടിക്ക്

**പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ:<br>ശ്രീ. കെ.കെ.ദിവാകരൻ:<br>,, കെ.കുഞ്ഞിരാമൻ:<br>,, കെ.ടി.ജലീൽ:<br>,, മഞ്ഞളാംകുഴി അലി: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ; | (എ) വായ്പകളുടെ പുന:ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, ജീവനക്കാരുടെയും തൊഴിലാളികളുടെയും പുന:ക്രമീകരണം തുടങ്ങി ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനുള്ള സംവിധാനവും നിലവിലുണ്ട്. |
| (ബി) ഇതിന്റെ ഫലമായി ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുതുടങ്ങി എന്നു വിശദമാക്കുമോ; | (ബി) ഇതിന്റെ ഫലമായി 2006-07-ൽ 23-ഉം 2007-08-ൽ 27-ഉം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയുണ്ടായി. 2007-08 ലെ 27 കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതിയും ധൂർത്തും ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ധൂർത്തും അനാവശ്യ ചെലവുകളും നിയന്ത്രിക്കാൻ ഓഡിറ്റിംഗ് നിലവിലുണ്ട്. കമ്പനി നിയമമനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റും നടത്തി അഴിമതിയോ ധൂർത്തോ റിപ്പോർട്ടിൽ കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പൊതുമേഖലയിലെ അഴിമതി തടയാൻ ഒരു പ്രത്യേക വിജിലൻസ് സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) അഴിമതി നിരോധന നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റിംഗ് നിലവിലുണ്ട്. ഓരോ സ്ഥാപനവും അവയിലെ മുതിർന്ന ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിക്കാറുണ്ട്. പരാതികൾ ശ്രദ്ധയിൽപെട്ടാൽ ഈ ഓഫീസർക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) സമാന സ്വഭാവം പുലർത്തുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ഒരു പൊതുമാനേജ്മെന്റിന്റെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം പൊതുമാനേജ്മെന്റിന്റെ കീഴിൽ കൊണ്ടുവന്ന കമ്പനികളുടെ പേരുവിവരം താഴെ കൊടുത്തിരിക്കുന്നു.

1. Kerala State Industrial Products Trading Corporation Ltd with Travancore Titanium Products Ltd
2. Sitaram Textiles Ltd and Trivandrum Spinning Mills Ltd with Kerala State Textile Corporation Ltd

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 88 | 19..02..2009 ൽ മറുപടിക്ക് |
|---|---|

പെയിൻ ആൻറ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.പി.മോഹനൻ:<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ :<br>ശ്രീ.എം.കെ.പ്രേംനാഥ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പെയിൻ ആൻറ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ; | (എ) | സംസ്ഥാനസർക്കാർ നടപ്പിലാക്കി വരുന്ന പെയിൻ ആൻറ് പാലിയേറ്റീവ് പരിചരണ പദ്ധതിയിലൂടെ കേരളത്തിലെ കിടപ്പിലായ രോഗികൾക്കും മാറാരോഗികൾക്കും സാന്ത്വന പരിചരണം ഉറപ്പു വരുത്തിക്കൊണ്ടിരിക്കുകയാണ് വേണ്ടത്ര സാന്ത്വന ചികിത്സാ യൂണിറ്റുകൾ തുടങ്ങുക, സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ലഭ്യത ഉറപ്പുവരുത്തുക, ഇതിനാവശ്യമായ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ലഭ്യതയും പരിശീലനവും ഉറപ്പുവരുത്തുക സാന്ത്വന പരിചരണം സാധാരണക്കാരായ രോഗികളിൽ എത്തിക്കുന്നതിന് വേണ്ടത്ര സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പരിശീലനങ്ങൾ നൽകുക എന്നിവയാണ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ.സാമൂഹ്യാധിഷ്ഠിത സംഘടനകൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക ആരോഗ്യ ക്ഷേമ പ്രവർത്തകർ തുടങ്ങിയവരുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ പ്രവർത്തനമാരംഭിച്ചു ; പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ 14 ജില്ലകളിലും പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ (NRHM) , ആരോഗ്യകേരളം പാലിയേറ്റീവ്, കെയർ പ്രോജക്ട് വഴിയാണ് എല്ലാ ജില്ലകളലും ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കേരളത്തിലെ 200ഓളം പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിച്ചു പ്രവർത്തനം തുടങ്ങി, 50.ൽ അധികം ഹോം കെയർ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു.പദ്ധതിയുടെ ഭാഗമായി 2000 പുതിയ വോളണ്ടിയർമാരെ തെരഞ്ഞെടുത്തു.പാലിയേറ്റീവ് കെയർ യൂണിറ്റുകൾ തുടങ്ങിയ പഞ്ചായത്തുകളിലെയും മറ്റു പഞ്ചായത്തുകളിലെയും ജനപ്രതിനിധികൾക്ക് (ഏകദേശം 500) പദ്ധതിയെകുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ 14 ജില്ലകളിലുമായി 17 ഡോക്ടർമാർ, 35 സ്റ്റാഫ് നേഴ്സ്, 24 പാലിയേറ്റീവ് കെയർ ഓക്സിലറി നേഴ്സ് എന്നിവരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | രോഗബാധിതരുടെ സാന്ത്വനത്തിനും ആശ്വാസത്തിനും വേണ്ടി എന്തൊക്കെ നടപടികളാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) | രോഗബാധിതരുടെ സാന്ത്വനത്തിനും ആശ്വാസത്തിനും വേണ്ടി താഴെപ്പറയുന്ന നടപടികളാണ് ഈ പദ്ധതി വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.<br>1) എല്ലാ ജില്ലകളിലും പ്രത്യേകിച്ച് സാന്ത്വന പരിചരണ യൂണിറ്റുകളുടെ ലഭ്യത കുറവുള്ള ജില്ലകളിൽ സാമൂഹ്യാധിഷ്ഠിത സംഘടനകളുടെ സഹകരണത്തോടുകൂടി സന്നദ്ധ പ്രവർത്തകർക്ക് സാന്ത്വന പരിചരണ പരിശീലനം നൽകി വരുന്നു.<br>II) ഡോക്ടർമാർ, നേഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ , സാമൂഹ്യക്ഷേമ പ്രവർത്തകർ എന്നിവർക്ക് സാന്ത്വന പരിചരണത്തിനുള്ള അവബോധം സൃഷ്ടിക്കുന്നതിന് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.<br>III) ഡോക്ടർമാർക്കും നേഴ്സുമാർക്കും സാന്ത്വന പരിചരണത്തിനുള്ള അടിസ്ഥാന കോഴ്സുകൾ നടത്തുന്നു.<br>IV) സാന്ത്വന പരിചരണത്തിന് ആവശ്യമായ ഉപകരണങ്ങൾ , മോർഫിൻ ഉൾപ്പെടെയുള്ള വേദനാനിവാരണ ഔഷധങ്ങൾ എന്നിവയുടെ ലഭ്യത, സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ കിടക്കകളുടെ ലഭ്യത എന്നിവ ഉറപ്പു വരുത്തുന്നു.<br>V) സാമൂഹിക സംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി ഗൃഹ പരിചരണ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 89 — 19.02.2009-ൽ മറുപടിക്ക്

## മുടങ്ങിക്കിടക്കുന്ന എൽ.ഐ.സി കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ബാബുപോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) എൽ.ഐ.സി പിന്മാറിയതു മൂലം സംസ്ഥാനത്തു ശുദ്ധ ജല വിതരണ പദ്ധതികൾ മുടങ്ങിക്കിടപ്പുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. 36 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 28 നഗര ശുദ്ധജല വിതരണ പദ്ധതികളുമാണ് ഈ വിഭാഗത്തിൽ ഉണ്ടായിരുന്നത്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം.എ-യിൽ ചേർത്തിരിക്കുന്നു. |
| (ബി) ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണെന്നും ഇവ പൂർത്തിയാക്കുന്നതിന് ഇനി എത്ര തുക വേണ്ടി വരുമെന്നും അറിയിക്കുമോ; | (ബി) പദ്ധതികൾക്കായി ചെലവഴിച്ചു കഴിഞ്ഞ തുകയുടേയും പൂർത്തീകരിക്കുന്നതിന് ഇനിയും വേണ്ട തുകയുടേയും വിശദാംശങ്ങൾ അനുബന്ധം എ-യിൽ ചേർത്തിട്ടുണ്ട്. |
| (സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനു സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (സി) ഉണ്ട്.<br><br>പ്രസ്തുത പദ്ധതികൾ സെൻസസ് ടൗണുകളെ അടിസ്ഥാനമാക്കി രൂപകൽപന ചെയ്ത് പുനക്രമീകരിച്ച് 2008 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പുതുക്കി ആകെ 39 പദ്ധതികൾ നബാർഡിന്റെ പ്രത്യേക സാമ്പത്തിക സഹായത്തിനായി സമർപ്പിക്കുകയും അതിൽ 670.16 കോടി രൂപ അടങ്കൽ തുകയുള്ള 36 പദ്ധതികൾക്കായി നബാർഡ് 449.69 കോടി രൂപ വായ്പ അനുവദിക്കുകയുമുണ്ടായി. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

ഈ പദ്ധതികൾ രണ്ടു വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതിനാൽ ഇവ നടപ്പിലാക്കുന്നതിന് ഫാസ്റ്റ്ട്രാക്ക് സംവിധാനം ഏർപ്പെടുത്തി പദ്ധതികളുടെ ടെൻഡർ നടപടികൾ സുതാര്യമായും വേഗത്തിലും പൂർത്തിയാക്കുന്നതിനും അംഗീകാരം നൽകുന്നതിനുമായി വാട്ടർ അതോറിറ്റി തലത്തിൽ ടെക്നിക്കൽ കമ്മിറ്റിയും സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

15 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന പണികൾ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ടെണ്ടർ ചെയ്തു. നിർമ്മാണ പ്രവർത്തന സൗകര്യത്തിനായി പദ്ധതികളെ വിവിധ പാക്കേജുകളായി തിരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 90 | 19..02..2009 ൽ മറുപടിക്ക് |
|---|---|

### ആരോഗ്യവകുപ്പ് മിന്നൽ പരിശോധനാ സ്ക്വാഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ.എം. ഹംസ<br>ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രി ഡോക്ടർമാരെ നിരീക്ഷിക്കുന്നതിന് ആരോഗ്യവകുപ്പ് മിന്നൽ പരിശോധനാ സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇവർക്ക് മറ്റ് എന്തെല്ലാം ചുമതലകളാണ് നൽകിയിട്ടുള്ളത്; | (ബി)<br>(സി) | (ബി) യും (സി)യും ബാധകമല്ല. |
| (സി) | സ്ക്വാഡ് രൂപീകരിച്ചതിനുശേഷം ആരോഗ്യവകുപ്പിന്റെ പ്രവർത്തനത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; | | |
| (ഡി) | ആരോഗ്യ വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഡ്യൂട്ടിസമയത്ത് ആശുപത്രിയിൽ ഹാജരാകാതെ സ്വകാര്യ പ്രാക്ടീസ് നടത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ആരോഗ്യവകുപ്പിലെ വിജിലൻസ് സംവിധാനം പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് ലഭിച്ച ശുപാർശ പരിശോധിച്ചു വരുന്നു. വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ